പുസ്തകം ൧൩.        ലക്കം ൧൦.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

October 1918.

## സംഗതിവിവരം.


1. കാവൽ മാലാഖാമാർ.
2. പരിശുദ്ധ മറിയത്തെ വണങ്ങുന്നതും ബഹുമാനിക്കുന്നതും കൊണ്ടാടുന്നതും നിരീകരിക്കത്തക്കതോ?
3. പത്തുപ്രമാണങ്ങൾ.
4. ഭക്തജീവിത പ്രവേശനം.
5. നമ്മുടെ മൂന്നു ശത്രുക്കൾ.
6. പരേതനായ മോൺസിഞ്ഞോർ ബൃഗേപർററ് അവർകൾ.
7. ജപമാല.
8. തിരുഹൃദയഭക്തന്മാർ ൲൯൰൨ തുലാമാസത്തിൽ വെക്കേണ്ട പൊതു നിയോഗം.
9. ലോകവൎത്തമാനച്ചുരുക്കം.


# നോട്ടീസ്

### ആണ്ടൊന്നുക്കു തപാൽകൂലി ഉൾപ്പെടെ ബ്രി. രൂപാ ൧.

യാതൊരുത്തൻ അഞ്ചുപേരെ പത്രവരിക്കാരായി ചേൎത്തു പേരയക്കയും സ്വന്ത മേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏററു വാങ്ങിച്ചുകൊടുക്കയും പത്രവരി പിരിച്ചു ഒന്നാകെ അടക്കുകയും ചെയ്യുന്നതായാൽ അയാൾക്കു് ആറാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.

“കൎമ്മെല കുസുമം” മാനേജർ,

Mannanam. മാന്നാനം.

മാസികയുടെ വരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ചു് അപേക്ഷിക്കയൊ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയൊ ചെയ്യണം. പണമടക്കാതെ മാസികക്കു് ആവശ്യപ്പെടുന്നവൎക്കെല്ലാം സാധാരണ വി. പി. ആയി മാത്രമേ അയക്കയുള്ളൂ. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറക്കു് ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.

കർമ്മെല കുസുമം

പുസ്തകം ൧൩) ൧൯൧൮ ഒക്ടോബർ. (ലക്കം ൧൦

## കാവൽ മാലാഖാമാർ

---

അനുഗ്രഹങ്ങളുടെ പിതാവായ സർവ്വേശ്വരൻ, പരദേശമായ ഈ ഭൂമിയിൽ കൂടെ പ്രയാണം ചെയ്യുന്ന മനുഷ്യർക്കു തുണയും കാവലുമായി സ്വർഗ്ഗരാജ്യത്തിലെ പ്രഭുക്കന്മാരായ വിശുദ്ധ മാലാഖാമാരെ നിയമിച്ചിരിക്കുന്നതു് മഹാ ആശ്വാസജനകമാണ്. ഓരൊ മനുഷ്യനും ഓരൊ മാലാഖാ രാപ്പകൽ കാവലായിട്ടുണ്ട്. ആത്മികവും ശാരീരികവുമായ ആപത്തുകളിൽ നിന്നു കാത്തുരക്ഷിക്കയും, ദുഃഖങ്ങളിൽ ആശ്വസിപ്പിക്കയും, പരീക്ഷകളിൽ വെളിവു നൽകയും ചെയ്തുകൊണ്ട്, ഇവർ നമ്മെ എല്ലാപ്പോഴും സഹായിക്കുന്നു. ഇപ്രകാരം മനുഷ്യരായ നമ്മെ കാക്കുന്ന ഈ പരിശുദ്ധാത്മാക്കൾ, ഇടവിടാതെ ആകാശത്തിലിരിക്കുന്ന പിതാവിൻെറ തിരുമുഖത്തെകണ്ടുകൊണ്ടും മോക്ഷാനന്ദം അനുഭവിച്ചുകൊണ്ടും സന്തുഷ്ടരാകുന്നു. "അവരുടെ മാലാഖാമാർ ആകാശത്തിലിരിക്കുന്ന എൻെറ പിതാവിൻെറ മുഖത്തെ സർവ്വദാ ദർശിക്കുന്നു" എന്നു ഈശോമ്ശിഹാ സുവിശേഷത്തിൽ അരുളിച്ചെയ്തിരിക്കുന്നു. (വി. മത്തായി ൧൮. ൧൦). കാവൽമാലാഖാമാരെ കണ്ണുകൊണ്ടു നാം കാണുന്നില്ലായെങ്കിലും അവർ സത്യമായിട്ടു രാപ്പകൽ നമ്മോടുകൂടെ സഞ്ചരിക്കുന്നു. അനേകം പരിശുദ്ധന്മാർ തങ്ങളുടെ കാവൽമാലാഖാമാരെ കാണ്മാൻ ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. ഈ കൂട്ടത്തിൽ വിശുദ്ധ ഫ്രാൻസീസ്കാ റോമാനാ എന്ന പുണ്യവതി സുപ്രസിദ്ധയാണ്. ഇവരുടെ കാവൽ മാലാഖാ ഏഴുവയസ്സുള്ള എത്രയും സൌന്ദര്യമേറിയ ഒരു കുട്ടിയുടെ രൂപത്തിൽ സദാ കാണപ്പെട്ടിരുന്നു. വെണ്മയേറിയ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടും പ്രകാശം വിശിക്കൊണ്ടും സദാ പ്രത്യക്ഷനായിരുന്ന ഈ മാലാഖാ, കൈകൾ രണ്ടും നെഞ്ചിന്മേൽ കുരിശിൻെറ ഭാഷയിൽ ഭക്തിപൂർവ്വം ചേർത്തുപിടിച്ച് ആകാശത്തിലേക്ക് കണ്ണുകളെ തിരിച്ചു നിന്നിരുന്നു. മാലാഖായിൽനിന്നു പുറപ്പെട്ടിരുന്ന പ്രകാശം കൊണ്ടു വിശുദ്ധ ഫ്രാൻസിസ്കാം രാത്രിയിൽ "ഒപ്പീസ്" ജപം എത്തിക്കപതിവായിരുന്നു. പുണ്യവതി വല്ല അല്പകുററം ചെയ്താൽ അപ്പോൾ മാലാഖാ മറഞ്ഞുപോകയും, പുണ്യവതിയുടെ മുമ്പാകെ ആരെങ്കിലും ഹീനവാക്കുകൾ പറഞ്ഞാൽ മാലാഖാ ലജ്ജാസൂചകമായി മുഖം മറക്കയും ചെയ്തിരുന്നു. ഇങ്ങനെ നമ്മുടെ കാവൽമാലാഖാമാർ നമുക്കു കാണപ്പെടുന്നില്ലായെങ്കിലും, സത്യമായിട്ടു അവരുടെ സന്നിധിയിൽ ഇരിക്കുന്നു എന്നു ഓർത്തുകൊണ്ട്, അവരുടെനേരെ നമുക്കുള്ള കടമകളെ നാം ശരിയായി നിറവേററേണ്ടതാണ്.

നമ്മുടെ കാവൽ മാലാഖാമാരെ നാം വണങ്ങുകയും, സ്നേഹിക്കയും, അവരോടു അപേക്ഷിക്കയും, അവരെ അനുകരിക്കയും വേണം. ൧) അവരുടെ സന്നിധിയിൽ വണക്കക്കേറവായി യാതൊന്നും നാം പ്രവർത്തിക്കരുതു്. മാന്യന്മാരായ ആളുകളുടെ സന്നിധിയിൽ ചെയ്വാൻ ശങ്കിക്കുന്ന യാതൊരു കുററവും ആകാശത്തിൻെറ പ്രഭുവും ദൈവത്തിൻെറ സ്ഥാന

പതിയും നമ്മുടെ ഉത്തമ പരിപാലകനുമായ കാവൽമാലാഖായുടെ സന്നിധിയിൽ ചെയ്വാൻ നാം തുനിയരുത്. ൫) ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നമ്മെ ദൈവംതന്നെ മാലാഖായുടെ സൂക്ഷത്തിനു ഏല്പിച്ചിരിക്കയാൽ മാലാഖാമാർ അത്യന്ത പക്ഷത്തോടെ നമ്മെ സ്നേഹിക്കുന്നുണ്ട്. അതുകൊണ്ടു നാമും കാവൽമാലാഖാമാരെ അത്യധികമായ വിധത്തിൽ സ്നേഹിക്കണം. ഇവരുടെ സദുപദേശങ്ങളും നല്ല തോന്നിപ്പുകളും അനുസരിച്ചു നടന്നാൽ ഒരു കാലത്തു ഇവരോടൊമിച്ചു മോക്ഷത്തിൽ നമുക്കും ആനന്ദിക്കാം. ൬) നമുക്കു ദുഃഖമൊ, പരീക്ഷകളൊ, മററു വല്ല നാശമൊ നേരിടുമ്പോൾ കാവൽമാലാഖായുടെ സഹായം നാം അപേക്ഷിക്കണം. അവർ നമ്മെ സഹായിക്കയും ആശ്വസിപ്പിക്കയും ചെയ്യും. ൭) നമ്മുടെ കാവൽമാലാഖാമാരിൽ കാണുന്ന ഉത്തമ പുണ്യങ്ങളെ നാം അനുകരിക്കേണ്ടതാണ്. നമ്മെ കാക്കുന്നതിന്നായി നമ്മോടുകൂടെ ഭൂമിയിൽ സഞ്ചരിക്കുന്നുവെങ്കിലും ഒരിക്കലും ആകാശത്തിലിരിക്കുന്ന പിതാവിന്റെ തിരുമുഖത്തെ അവർ ദർശിക്കാതെയിരിക്കുന്നില്ല; ഈ വിഷയത്തിൽ, നമ്മുടെ കാവൽമാലാഖാമാരെ പ്രത്യേകമായി നാം അനുകരിക്കണം. നാമും അല്പകാലത്തേക്കു ഈ ഭൂമിയിൽ സഞ്ചരിച്ചശേഷം നിത്യമായി സ്വർഗ്ഗീയ ഭവനത്തിൽ ദൈവത്തെ സമ്മുഖമായി കണ്ടു ആനന്ദിപ്പാനുള്ളവരാകുന്നു. ആകയാൽ സൃഷ്ടങ്ങളിൽ നമ്മുടെ സ്നേഹം വെക്കാതെയും നശ്വരങ്ങളായ ലോകമായകളെ സ്നേഹിക്കാതെയും സ്വർഗ്ഗസ്ഥനായ പിതാവിനോടു നാമും ഐക്യപ്പെട്ടു ജീവിതം കഴിക്കണം. കാവൽമാലാഖായുടെ സ്തുതിക്കായി ദിവസേന ൩ ആ. ൩ ന. ൩ ത്രിത്വ. ചൊല്ലുന്നതും ഒക്ടോബർ മാസം കാവൽമാലാഖായുടെ വണക്കത്തിന്നായി ആചരിക്കുന്നതും ഭക്തിയുള്ള വിശ്വാസികൾ നടത്തിവരുന്ന ഒരു ഭക്തകൃത്യമാകുന്നു.

ഫാ. ദ. ൮

## പരിശുദ്ധ മറിയത്തെ വണങ്ങുന്നതും ബഹുമാനിക്കുന്നതും കൊണ്ടാടുന്നതും നീതീകരിക്കത്തക്കതോ?

ദൈവത്തിന്റെ പരിശുദ്ധ ജനനിയും, എപ്പോഴും നിൎമ്മലകന്യകയും, സകലരുടേയും അഭയസ്ഥാനവും, പാപികളുടെ സങ്കേതവുമായ കന്യകമറിയത്തെ, സകല മനുഷ്യരും, വിശിഷ്യ അവരുടെ തൃക്കരങ്ങളിൽനിന്നും അനവധി അനുഗ്രഹങ്ങളെ കൈക്കൊണ്ടുവരുന്ന ക്രിസ്ത്യാനികളും, ദൈവം കഴിഞ്ഞാൽ മററെല്ലാ വാനാരൂപികളെയും സ്വർഗ്ഗവാസികളെയുംകാൾ ബഹുമാനിക്കണമെന്നും, സ്തുതിക്കണമെന്നും, കൊണ്ടാടണമെന്നും, ഈ കന്യകയെ പുത്രിയായി സ്വീകരിച്ച നിത്യപിതാവും, മാതാവായി തെരഞ്ഞെടുത്ത നിത്യസുതനും പരിശുദ്ധപത്നിയായി അംഗീകരിച്ച പരിശുദ്ധാത്മാവും, എന്നുവേണ്ട, ഇവരെ ആകാശഭൂമി പാതാളമെന്നീ ത്രീലോകങ്ങളുടെയും രാജ്ഞിയായും നാഥയായും അഭിഷേകംചെയ്തു മുടിധരിപ്പിച്ച എത്രയും പരിശുദ്ധതമ ത്രിത്വവും ആഗ്രഹിക്കുന്നു. ഈ സത്യത്തെ വിശുദ്ധ പുസ്തകം വിളിച്ചുപറയുകയും, തിരുസഭ പൂർവ്വിക കാലം മുതൽ ആധുനിക കാലംവരെ പഠിപ്പിക്കയും, മല്പാന്മാരും വേദപാരഗന്മാരും അവരുടെ തൂലികകളാൽ സ്ഥിരീകരിക്കയും ചെയ്തിരിക്കുന്ന സ്ഥിതിക്ക്, ഇവിടെ ഈ വിഷയത്തെപ്പററി ഒന്നുംതന്നെ നിരൂപണം ചെയ്യേണ്ട ആവശ്യകത ഇല്ലാ. എങ്കിലും ഇന്നും ചിലർ ഈ പരിശുദ്ധ കന്യകയായ ദൈവജനനിയെ വണങ്ങുന്നതും അവരുടെ തിരുസ്വരൂപത്തിൻ മുമ്പിൽ തലകുനിഞ്ഞു ആചാരം ചെയ്യുന്നതും വിഹിതമല്ലെന്നും അപ്രകാരം ചെയ്യുന്നതുകൊണ്ടു ഒന്നാംപ്രമാണത്തെ ലംഘിക്കുന്നു എന്നും, ചിലർ ശഠിക്കുന്നതിലാണ് വിസ്മയം തോന്നുന്നത്. അജ്ഞതകൊണ്ടാണ് ഇപ്രകാരം പറയുന്നതെങ്കിൽ ഇവർ വേദാഗമങ്ങളെ വായിക്കട്ടെ. വിശുദ്ധ സഭയുടെ ഉപദേശങ്ങളേയും, കത്തോലിക്കാ സഭയിൽ കൊണ്ടാടപ്പെട്ട സൂനഹദോസുകളുടെ നിശ്ചയങ്ങളേയും സദുപദേശങ്ങളേയും പാരാ

യണം ചെയ്യട്ടെ. മല്പാന്മാരുടെയും വിശുദ്ധ പിതാക്കളുടെയും ലിഖിതങ്ങളെ നോക്കട്ടെ. ഇതിന്ന് ഈ കൂട്ടർ, കഴികയില്ലെന്നൊ അസാദ്ധ്യമെന്നൊ പറയുന്നതായാൽ ചുവടെ കാണിപ്പാൻ പോകുന്ന സത്യങ്ങളേയും ന്യായങ്ങളേയും എങ്കിലും വായിച്ചുകണ്ടു ഇനിയെങ്കിലും ഈ പരിശുദ്ധ കന്യകയ്ക്കു കൊടുക്കേണ്ട സ്തുതിബഹുമാനങ്ങളെ തടയാതിരിക്കട്ടെ. ഇത്രയും തല്ക്കാലം പ്രസ്താവിച്ചുകൊണ്ടു പരിശുദ്ധ കന്യകയെ ബഹുമാനിക്കുന്ന പരമ്പരയായ പതിവു് നീതികരിക്കത്തക്കതും അനുകരണീയവുമാകുന്നൊ എന്നുള്ള വിഷയത്തെപ്പററി കുറഞ്ഞൊരു നിരൂപണം ചെയ്യാം.

൧. നമ്മുടെ ദിവ്യരക്ഷകനായ മ്ശിഹായുടെ സാക്ഷാൽ സ്നേഹിതരും ആരാധകന്മാരുമായ ആളുകൾ, മ്ശിഹായുമായി സംബന്ധമുള്ള സകലത്തേയും ബഹുമാനിക്കയും വണങ്ങുകയും ചെയ്യുന്നതു കൂടാതെ മ്ശിഹായോടു് ഏററവും അടുത്തവരും തനിക്കു പ്രിയപ്പെട്ടവരുമായ എല്ലാവരെയും ഒരു പ്രത്യേക ബഹുമതിയോടെ വിചാരിക്കുകയും വണങ്ങുകയും ചെയ്യുന്നു. എന്തെന്നാൽ ഗ്രഹങ്ങൾ സൂൎയ്യഗോളത്തോടു എത്ര അടുത്തിരിക്കുന്നുവോ അത്ര ചൂടും പ്രകാശവും അതുകൾക്കു ലഭിക്കുന്നതുപോലെ ഈ ആളുകൾ മ്ശിഹായുമായി എത്രമാത്രം അടുത്തിരിക്കുന്നുവോ അത്രമാത്രം പുണ്യസാഗോപാഗമുള്ളവരായി നമ്മുടെ കൺമുമ്പാകെ കാണപ്പെടുന്നു. നമ്മുടെ കൎത്താവിന്റെ പാദസ്പർശംകൊണ്ടു പവിത്രമായ യൂദയാദേശത്തിലെ മണ്ണുതന്നെ ക്രിസ്ത്യാനികൾ എത്ര പൂജ്യമായിട്ടാണ് കരുതുന്നതു്. മ്ശിഹാ ജനിച്ച ബേസ്ലഹത്തിലുള്ള തൊഴുത്തിൽ പ്രവേശിക്കുന്നതിനു അവസരം ലഭിച്ചാൽ എത്ര വണക്കത്തോടുകൂടി നാം അതിൽ പ്രവേശിക്കും. എങ്കിലും അതിനു, ലോകരക്ഷകൻ അതിൽ ജനിച്ചുയെന്ന മാഹാത്മ്യം മാത്രമേയുള്ളു. മ്ശിഹാ തന്റെ ബാല്യപ്രായത്തിൽ സഞ്ചരിച്ചതായ നസ്രേത്തിലുള്ള തെരുവുകളിൽകൂടി ഗതാഗതം ചെയ്വാനിടയായാൽനമ്മുടെവിചാരമെന്തായിരിക്കും. രക്തപ്രവാഹത്തോടുകൂടിയ തന്റെ മരണം വഴിയായി മനുഷ്യഗണരക്ഷയുടെ അവസാന വിലകൊടുത്ത സ്ഥലമായ ഗാഗുൽത്താ മലയിൽ നാം കയറുന്നതായാൽ അപ്പോൾ എത്ര ഭക്തചിന്തകളാണ് നമ്മുടെ മനസ്സിൽ ഉദിക്കുന്നതു്. മ്ശിഹായുടെ തിരുശരീരം അടക്കം ചെയ്ത കല്ലറയിൽനിന്നൊ പരിസരപ്രദേശത്തുനിന്നൊ കുറെ മണ്ണു ലഭിക്കുന്നതായാൽ എത്ര പാവനമായി നാം അതിനെ കരുതും? എന്നാൽ നിൎജ്ജീവവസ്തുക്കളായ ഈ സ്ഥലങ്ങളെപ്പററി ഇത്രമാത്രം ബഹുമതിയും പൂജ്യതയും നമ്മിൽ ഉളവാകുന്നുയെങ്കിൽ ഭൂതലത്തിൽ മ്ശിഹായുടെ സ്നേഹിതരും സഖികളും ആയിരുന്ന സജീവികളെപ്പററി എത്രമാത്രം ബഹുമതിയും വണക്കവും നമ്മിൽ ഉളവാകേണ്ടിയിരിക്കുന്നു. മാത്രമല്ലാ, മ്ശിഹാ ആരോടടുത്തുവോ അവരിൽ ഒക്കയും രക്ഷണീയമായ ഒരു ശക്തി പ്രവൎത്തിച്ചിരുന്നതായി കാണാം. എന്തെന്നാൽ തന്നിൽനിന്നു (മ്ശിഹായിൽനിന്നു) ശക്തി പുറപ്പെട്ടു സകലരേയും സുഖപ്പെടുത്തിയിരുന്നതുകൊണ്ടു്, ജനക്കൂട്ടം മുഴുവനും അവിടത്തെ തൊടുന്നതിനു അന്വേഷിച്ചിരുന്നു" എന്നു ലൂക്കാ ഏവൻഗേലീസ്ത എഴുതിയിരിക്കുന്നു. (൬-ാം അദ്ധ്യായം ൧൯-ാം വാക്യം) മാത്രമല്ലാ മത്തായി ഏവൻഗേലിസ്തായുടെ സുവിശേഷം ൯-ാം അദ്ധ്യായം ൨൦-ാം വാക്യത്തിൽ ൧൨ കൊല്ലങ്ങളായി രക്തസ്രാവം ബാധിച്ചിരുന്ന ഒരു സ്ത്രീ മ്ശിഹായുടെ വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ടതുകൊണ്ടുമാത്രം സുഖപ്പെട്ടതായും കാണുന്നു. മ്ശിഹായുമായി സംഭാഷണം ചെയ്ത സമറായക്കാരി സ്ത്രീയുമായി സംസാരിക്കുന്നതിനൊ, മ്ശിഹാ ഭക്ഷണം കഴിച്ച സക്കേവൂസിന്റെ മേശയിൽ ഇരുന്നു ഭക്ഷണം കഴിക്കുന്നതിനൊ, നിക്കോദേമൂസിന്റെ വസതിയിൽ ഒരു രാത്രി കഴിക്കുന്നതിനൊ, നമുക്കു ഭാഗ്യം ലഭിക്കുന്നതായാൽ, തന്നിമിത്തം നാം മ്ശിഹായോടു അടുത്തവരെന്നു വിചാരിക്കയും ഈ പ്രവൃത്തി ഒരു വലിയ ഭാഗ്യമായി നാം കരുതുകയും ചെയ്യുന്നതാണ്. ഇങ്ങനെയെങ്കിൽ മ്ശിഹായുടെ പ്രത്യേക സ്നേഹിതരായ ലാസറിന്റെയും മറിയത്തിന്റെയും മാൎത്തായുടെയും മദ്ധ്യത്തി

ലൊ യോഹന്നാൻമാംദാനയോടുകൂടിയൊ സംസർഗ്ഗം ചെയ്യുന്നതിനു നമുക്കു അവസരം ലഭിക്കുന്നതായാൽ, അതു എത്ര വലിയ ഭാഗ്യവും ബഹുമതിയുമായിട്ടായിരിക്കും നാം കരുതുക. എന്നാൽ ഇവർ ഒക്കയും മ്ശിഹായിൽ നിന്നും ഓരോ നന്മകൾ കൈക്കൊള്ളുക മാത്രമെ ഉണ്ടായുള്ളു. അവരിൽ നിന്നു അവിടുന്നു ഒന്നും കൈക്കൊണ്ടിട്ടില്ലായെന്നുള്ള വസ്തുത വിസ്മരിച്ചു കളയരുതാത്തതാകുന്നു.

എന്നാൽ മ്ശിഹായുടെ തൃപ്പാദങ്ങളുടെ സ്പർശനം ഏററതിനാൽ മാത്രം യൂദയാദേശം നമുക്കു സംപൂജ്യമായി തോന്നുന്നു. മ്ശിഹായുടെ തെരഞ്ഞെടുക്കപ്പെട്ട ശിഷ്യഗണവും ശ്ലീഹന്മാരും സഖികളും പുണ്യസാഗോപാഗത്തിൻെറ ജീവനുള്ള ദൃഷ്ടാന്തമായും അവരുടെ നേർക്കു പ്രത്യേക ബഹുമാനവും വണക്കവും പ്രദർശിപ്പിക്കേണ്ടതു ഒരു കടമയായും നാം കരുതുന്നു. ഇങ്ങനെയെങ്കിൽ ഒമ്പതു മാസം മ്ശിഹായെ തൻെറ ഉദരത്തിൽ വഹിച്ചവളും, തൻെറ മാറുകൊണ്ടു മിശിഹായെ മുല ഊട്ടുകയും മ്ശിഹായുടെ ശൈശവദശയിലും ബാല്യപ്രായത്തിലും തന്നെ തീററിപ്പോററുകയും വസ്ത്രം ധരിപ്പിക്കയും മ്ശിഹായുടെ മെസ്രേനിലേക്കുള്ള ഓടി ഒളിപ്പിൽ അദ്ദേഹത്തോടുകൂടി പോവുകയും, അവിടെ നിന്നുമുള്ള പിൻതിരിവിൽ അദ്ദേഹത്തെ അനുയാത്ര ചെയ്യുകയും, മിശിഹായുടെ ഐഹികജീവിതം മുഴുവനിലും തന്നോടുകൂടി താമസിക്കയും, ഈ കാലഘട്ടത്തിൽ മിശിഹായുടെ തിരു അധരങ്ങളിൽനിന്നു പൊഴിഞ്ഞുകൊണ്ടിരുന്ന സ്വർഗ്ഗീയ വചനങ്ങളെ ശ്രവിക്കയും മിശിഹായുടെ ജനനശേഷവും മരണശേഷവും തന്നെ മടിയിൽ കിടത്തുകയുംചെയ്ത പരിശുദ്ധ മറിയത്തെ സ്നേഹിക്കുന്നതും, ബഹുമാനിക്കുന്നതും, വണങ്ങുന്നതും കൊണ്ടാടുന്നതും ശരിയല്ലെന്നും തദ്വാരാ ഇപ്രകാരമുള്ള വണക്കം ഒന്നാം പ്രമാണത്തിൻെറ ലംഘനം ആകുന്നുയെന്നുംവരുമോ? മാത്രമല്ലാ ഇപ്രകാരമുള്ള ബഹുമാനാദികൾ സ്വാഭാവികമായി നമ്മിൽ ഉളവാകുന്ന ഒന്നും ആകുന്നു. എന്തെന്നാൽ സുവിശേഷത്തിൽ പറയപ്പെട്ടിരിക്കുന്ന സ്ത്രീ, മ്ശിഹായുടെ അധരങ്ങളിൽനിന്നു പുറപ്പെട്ടിരുന്ന ജ്ഞാനവും പുണ്യവും നിറഞ്ഞവാക്കുകളെ ശ്രവിക്കമാത്രം ചെയ്തുകൊണ്ട്, പരപ്രേരണകൂടാതെ "നിന്നെ വഹിച്ച ഗർഭപാത്രവും നിനക്കു പാലു തന്ന മാറും വാഴ്ത്തപ്പെട്ടതാകുന്നു" എന്നു മിശിഹായോടു പറയുകയുണ്ടായി.

(തുടരും.)

കണിയാമ്പടിക്കൽ ദേവസ്യാകത്തനാർ.

---

## പത്തുപ്രമാണങ്ങൾ.

---

(൧൬-ാം പു. ൧൧൭-ാം പക്കം തുടർച്ച)

അവിദ്ധ്യാരാധന— അവിദ്ധ്യാരാധന എന്നു പറയുന്നത് ദൈവത്തിനു അതൃപ്തികരങ്ങളായ സാഹചര്യങ്ങളോടുകൂടി അവിടുത്തേക്കു യോജിക്കാത്തവിധത്തിൽ ആരാധന ചെയ്യുന്നതാകുന്നു. മനുഷ്യൻ ദൈവത്തിനും വിശുദ്ധന്മാർക്കും ചെയ്യേണ്ട ബഹുമാനവണക്കങ്ങളെ പ്രത്യക്ഷപ്പെടുത്തുന്ന വി. കുർബാന, ക്രൂദാശകളുടെ പ്രവൃത്തി, കാനോൻ ജപങ്ങൾ എന്നുവേണ്ട ആരാധനയെ സംബന്ധിച്ച സകലത്തെയുംപററി വേണ്ടതെല്ലാം തിരുസഭ നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ, തിരുസഭ നിശ്ചയിക്കാത്ത ഒരു ദൈവാരാധന ചെയ്യുകയാകട്ടെ, അങ്ങനെ നിശ്ചയിക്കപ്പെട്ട വിധത്തിൽ തിരുസഭക്കു സ്വീകരിപ്പാൻ പാടില്ലാത്ത ഏതെങ്കിലും സാഹചര്യത്തെ കലൎത്തുകയാകട്ടെ പാടില്ലാത്തതാണ്. കത്തോലിക്കാ സഭയുടെ ആരാധന അതിനോടു കൂട്ടതലായി യാതൊന്നും ചേൎക്കാതെതന്നെ നമ്മുടെ ഹൃദയത്തെ ഇളക്കുന്നതിനും ദൈവത്തെ ഉദ്ദേശിച്ച് നമ്മിൽ ഉളവാകുന്ന സൽവികാരങ്ങളേയും അറിയിക്കുന്നതിനും മതിയായ ഭംഗിയും നാനാത്വവുമുള്ളതും തക്കതുമാകുന്നു. വല്ലതും നാം കൂട്ടിച്ചേൎക്കുന്നപക്ഷം അതു നമുക്കു യാതൊരു ഫലവും ചെയ്കയില്ലെന്നു മാത്രമല്ല അഭക്തന്മാൎക്കു അത് ഒരു ഹാസ്യകാരണമായി തീരുകയും ചെയ്യും.

മാലാഖാമാരുടെയും വിശുദ്ധന്മാരുടെ

യും പേരിലുള്ള വണക്കം.— ദൈവത്തിനല്ലാതെ ഉന്നതാരാധന ചെയ്യരുതെന്നു ഒന്നാം പ്രമാണം വിലക്കുന്നു. മാലാഖാമാൎക്കും വിശുദ്ധന്മാൎക്കും താഴ്ന്നതരം ഒരു വണക്കം ചെയ്യുന്നതു് മുടക്കപ്പെട്ടതാകുന്നു എന്നു് നമ്മുടെ ഭിന്നസഹോദരങ്ങൾ ഇതിൽനിന്നു അനുമാനിച്ചുകളയുന്നു. ഈ അനുമാനം വിശുദ്ധഗ്രന്ഥങ്ങൾക്കും പാരമ്പൎയ്യത്തിനും വിരോധമാണെന്നു തന്നെയല്ല, സുബുദ്ധിക്കു യോജിക്കാത്തതുമാണു്. മാലാഖാമാരുടെയും വിശുദ്ധന്മാരുടേയും നേൎക്കുള്ള വണക്കം തുലോം പുരാതനവും നീതിക്കനുസാരമായതും നമുക്കു വളരെ ഫലങ്ങളെ ഉളവാക്കുന്നതും വലുതായ ആശ്വാസത്തെ ജനിപ്പിക്കുന്നതുമാണെന്നു് അവയിൽനിന്നു തെളിയുന്നതുമുണ്ടു്.

ഈ വണക്കം തുലോം പുരാതനമാകുന്നു.— അബ്രാഹം തനിക്കു പ്രത്യക്ഷീഭവിച്ച മാലാഖാമാരുടെ മുമ്പിൽ സാഷ്ടാംഗം വീണു. എബ്രായ ജനങ്ങളുടെ നായകനായ ഈശോവാ ഇസ്രായേലിന്റെ പ്രത്യക്ഷനായ മാലാഖാ "ഞാൻ കൎത്താവിന്റെ സേനാനിരയുടെ പ്രഭുക്കന്മാരിൽ ഒരാളാകുന്നു" എന്നു പറയുകയിൽ അദ്ദേഹം ഉടനെ മുഖം നിലത്തു ചേൎത്തു കവിഴ്ന്നു വീണുകൊണ്ടു് "എന്റെ കൎത്താവു് അടിയന്റെ ദാസനോടു എന്തു കല്പിച്ചു ചെയ്യുന്നു" എന്നു ചോദിക്കുന്നു. "നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാകയാൽ നിന്റെ കാലുകളിൽനിന്നു നിന്റെ ചെരിപ്പുകളെ അഴിച്ചുനീക്കുക" എന്നു് മാലാഖാ മറുപടി പറയുകയും ആജ്ഞാപിക്കപ്പെട്ട വിധം ഈശോവാ ഇസ്രായേലിൻ പ്രവൎത്തിക്കയും ചെയ്തു. ഭവിഷ്യകാൎയ്യങ്ങളെ അറിയിക്കുന്നതിനായി വന്ന മാലാഖായുടെ മുമ്പിൽ ദാനിയേൽ സാഷ്ടാംഗനമസ്കാരം ചെയ്തു എന്നും നാം വിശുദ്ധ ലിഖിതത്തിൽ കാണുന്നു. ഏലിയാ ദീൎഘദൎശിയെ ബന്ധിക്കുന്നതിലേക്കു അയക്കപ്പെട്ട ഉദ്യോഗസ്ഥൻ ആ വിശുദ്ധന്റെ സമക്ഷം വീണു് ഭക്തിതീക്ഷ്ണതയോടുകൂടി അദ്ദേഹത്തോടു പ്രാൎത്ഥിക്കുകയുണ്ടായി. ഇനിയും ഈവിധമുള്ള സാക്ഷ്യങ്ങളെ പഴയ നിയമത്തിൽനിന്നു ധാരാളം എടുത്തുകാണിക്കാവുന്നതാണു്. മാലാഖാമാരുടെയും വിശുദ്ധന്മാരുടേയും പേരിലുള്ള ഭക്തിബഹുമാനങ്ങൾ യഹൂദസഭയിൽ നടപ്പുള്ളതായിരുന്നു എന്നാണു് ഇതുകളിൽനിന്നു പ്രത്യക്ഷപ്പെടുന്നതു.

തിരുസഭയുടെ ശൈശവദശമുതൽ തന്നെ, വിശുദ്ധന്മാരുടെ നേരെയുള്ള ഈ വണക്കം നടപ്പായിരുന്നെന്നു പുതിയ നിയമത്തിൽനിന്നു തെളിയുന്നു. ഒരു പ്രസിദ്ധ പ്രോട്ടസ്റ്റൻറുഗ്രന്ഥകാരനായ ലെയിബ്നിററ്സ് ഈ സംഗതി നിശ്ശങ്കം സമ്മതിച്ചിട്ടുണ്ടു്. "രക്തസാക്ഷികളുടെ സ്മരണാഘോഷം രണ്ടാംശതാബ്ദത്തിൽ നടപ്പായിരുന്നു എന്നും അവരുടെ പ്രേതാലയങ്ങളുടെ ചുറ്റും വൈദികസംഘങ്ങൾ കൂടുക പതിവായിരുന്നെന്നുമുള്ളതു നിശ്ചയംതന്നെ" എന്നു അദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ ഈ വാക്കുകൾ പുസ്തകങ്ങളിൽ രേഖപ്പെട്ടതും സ്മാരകലക്ഷ്യങ്ങളിൽ കൊത്തപ്പെട്ടതും ആദിമക്രിസ്ത്യാനികളുടെ ആചാരങ്ങളിൽ സംഘടിപ്പിക്കപ്പെട്ടതുമായ പാരമ്പൎയ്യങ്ങളുടെ ഒരു പ്രതിധ്വനിമാത്രമാണു്.

പരിശുദ്ധ കന്യക സകല ജനങ്ങളുടെയും മാതാവും മനുഷ്യവൎഗ്ഗത്തിന്റെ മദ്ധ്യസ്ഥയുമാണെന്നു വി. ഇരെനെയസ് നമുക്കു കാണിച്ചുതരുന്നു. "നമ്മുടെ എല്ലാ ആവശ്യങ്ങളിലും ദുഃഖങ്ങളിലും നാം അവരെ ആശ്രയിക്കണം" എന്നാകുന്നു ഈ വിശുദ്ധൻ പറയുന്നതു്. "ഓ! ദൈവത്തിന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾ അങ്ങേ സംരക്ഷണത്തിലേക്കു ഓടിവരുന്നു. അങ്ങേ അനുഗ്രഹത്തിന്റെയും നന്മയുടേയും ചിറകുകളുടെ കീഴിൽ ഞങ്ങളെ കാക്കുകയും ആദരിക്കയും ചെയ്യു. കൃപാസംപൂൎണ്ണനായ ദൈവമേ! പരിശുദ്ധ കന്യകമറിയത്തിന്റെയും സകല മാലാഖാമാരുടെയും പുണ്യവാന്മാരുടെയും മാദ്ധ്യസ്ഥംമൂലം അങ്ങേ സൃഷ്ടിയുടെ മേൽ ദയയുണ്ടാകണമെ എന്നു ഞങ്ങൾ അങ്ങേയോടു പ്രാൎത്ഥിക്കുന്നു" എന്നു മാർ അപ്രേം പറഞ്ഞിരിക്കുന്നു. ഒറിജെൻ ഈ സംഗതി ബന്ധിച്ചു പറയുന്നതു ഇങ്ങനെയാണു്:— "നാം മാലാഖാമാരുടെ മാദ്ധ്യസ്ഥ്യം പ്രാൎത്ഥിക്കണം. എന്തെന്നാൽ നമ്മെ സൂക്ഷിക്കുന്നതിനും നമ്മുടെ നിത്യരക്ഷയുടെ കാൎയ്യം അന്വേഷിക്കുന്നതിനും ദൈവം അവരെ ചുമതലപ്പെടുത്തിയിരു

കുന്നു. ഞാൻ മുട്ടുകുത്തി— എന്റെ പ്രാർത്ഥനകളെ ദൈവത്തിനു സമർപ്പിക്കുന്നതിനു എന്റെ പാപങ്ങൾ നിമിത്തം ഞാൻ തുനിയാതെ— സകല പരിശുദ്ധന്മാരെയും എന്നെ സഹായിക്കുന്നതിനായി ഞാൻ വിളിക്കുന്നു. സ്വർഗ്ഗത്തിലെ സകല പരിശുദ്ധന്മാരേ, അശ്രുധാരയോടും ദീർഘശ്വാസത്തോടും കൂടി നിങ്ങളോടു ഞാൻ പ്രാർത്ഥിക്കുന്നു; കരുണാനിധിയായ ദൈവത്തിന്റെ തൃപ്പാദങ്ങളിൽ നിങ്ങൾ മുട്ടു കുത്തി നിർഭാഗ്യപാപിയായ എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിപ്പിൻ." "നേരായ ഭക്തിയുടെ പോരാളികളും ദൈവത്തിന്റെ ആപ്തമിത്രങ്ങളുമായവരെ ബഹുമാനിക്കുവാൻ വിശുദ്ധാത്മാക്കൾക്കുന്ന കണക്കേ അവക്കു നമ്മുടെ പ്രാർത്ഥനകളെ സമർപ്പിക്കുന്നതിനു അവരുടെ പ്രേതാലയങ്ങളിലേക്കു നാം പോകുന്നു. ദൈവത്തിന്റെ അടുക്കലുള്ള അവരുടെ മാദ്ധ്യസ്ഥം നമുക്കു അനല്പമായ വിധത്തിൽ ഉപകാരപ്രദമാകുന്നു എന്നു നാം ഇതു മൂലം സമ്മതിച്ചു പറയുന്നു" എന്നാകുന്നു എവുസേബിയസ് പറയുന്നത്. മാലാഖമാരുടെയും പുണ്യവാന്മാരുടെയും പേരിൽ കത്തോലിക്കാ സഭ പ്രദർശിപ്പിക്കുന്ന ബഹുമാനം ആദിമകാലം മുതലുള്ളതെന്നു സ്ഥാപിക്കുന്ന സഭാപിതാക്കന്മാരുടെയും മല്പാന്മാരുടെയും എല്ലാ സാക്ഷ്യങ്ങളേയും എടുത്തു കാണിക്കണമെങ്കിൽ അവരുടെ ഗ്രന്ഥങ്ങളെല്ലാം ഇവിടെ പേത്തെഴുതേണ്ടതായിവരും. അതിനാൽ ഇത്രമാത്രം പ്രസ്താവിച്ചുകൊണ്ടു ഈ സംഗതി ഇവിടെ അവസാനിപ്പിക്കട്ടെ.

?ദാദ .ദ് .ഥ

---

## ഭക്തജീവിതപ്രവേശനം

---

(അദ്ധ്യായം വ്വ.)

### രണ്ടാമത്തെ ശുദ്ധീകരണ മാർഗ്ഗങ്ങൾ.

ഈ രണ്ടാം ശുദ്ധീകരണത്തിനുള്ള ഒന്നാമത്തെമാർഗ്ഗം, അല്ല സാക്ഷാൽ അടിസ്ഥാനം— പാപം ആത്മാവിനെ കൊണ്ടുചെന്നാക്കുന്ന ഭയങ്കര തിന്മയുടെ ജീവജ്ഞാനവും ദൃഢധാരണയുമാണ്. തന്നിമിത്തം നമ്മുടെ മനസ്താപം അഗാധവും ഉഗ്രവുമായിത്തീരുന്നു. എത്രതന്നെ നിസ്സാരമായിരുന്നാലും മനസ്താപം, ക്രൂദാശയുടെ ശക്തിയോടു സംയോജിക്കപ്പെടുമ്പോൾ, നമ്മെ പാപത്തിൽനിന്നും നന്നായി ശുദ്ധീകരിക്കുന്നു. ഇതുപോലെതന്നെ അതു ശ്രേഷ്ഠവും ഉഗ്രവുമാകുമ്പോൾ നമ്മുടെ പാപചാച്ചിലുകളേക്കൂടിയും ഇല്ലാതാക്കും. ഒരു സ്വല്പ വിരോധമോ പകയൊ നമുക്കിഷ്ടമില്ലാത്ത ആളിന്റെനേരെ നീരസം ജനിപ്പിച്ച് അവന്റെ സഹവാസത്തെ ഉപേക്ഷിപ്പിക്കുന്നു. എന്നാൽ അതു സ്ഥിരവും ഉഗ്രവുമായ വെറുപ്പാണെങ്കിൽ നാം അവനിൽനിന്നു മാറിപ്പോകയും അവനെ അറസ്റ്റും ചെയ്യുന്നു. മാത്രമല്ല, അവന്റെ സംബന്ധികളുടേയും സ്നേഹിതരുടേയും സംഭാഷണത്തെക്കൂടി വിരസിച്ച്, അവന്റെ പടത്തെയോ അവന്റെ മറെറന്തിനേയുമോ കാണ്മാൻപോലും മനസ്സില്ലാത്തവരായിത്തീരുന്നു. ഇപ്രകാരം ഒരു അനുതാപി വാസ്തവമെങ്കിലും, അസ്ഥിരമായ മനസ്താപത്താൽമാത്രം പാപത്തെ വെറുത്തുപേക്ഷിക്കുമ്പോൾ മേലാൽ പിഴക്കയില്ലെന്നു പ്രതിജ്ഞചെയ്യുന്നു. എന്നാൽ മനസ്താപം സ്ഥിരവും ഉഗ്രവുമെങ്കിൽ പാപത്തെമാത്രമല്ല, അതിലേക്കു തന്നെ ആകർഷിക്കുന്ന ചാച്ചിലിനേയും സംസർഗ്ഗത്തെയും അവസരത്തേയുംകൂടി അവൻ വെറുക്കുന്നു. ആകയാൽ ഫിലോത്തയാ, നാം പാടുപോലെ നമ്മുടെ മനസ്താപത്തെ വർദ്ധിപ്പിക്കയും, പാപത്തിനോടു സംബന്ധമുള്ള സ്വല്പ സംഗതികളേക്കുറിച്ചും മനസ്താപപ്പെടുകയുംവേണം. ഇപ്രകാരമാണ് മഗ്ദലേനായുടെ മാനസാന്തരത്തിൽ, പിന്നീടൊരിക്കലും വിചാരിക്കാതിരിക്കത്തക്കവണ്ണം അത്ര പൂർണ്ണമായി അവളുടെ പാപേച്ഛകളെ അവൾ നശിപ്പിച്ചത്. പാപത്തെ മാത്രമല്ല, തിന്മയിലേക്കു നയിക്കുന്ന സകല മാർഗ്ഗങ്ങളേയും ഊടുവഴികളേയുംകൂടി ദാവീദ് പരസ്യമായി വെറുത്തു പ്രസ്താവിക്കുന്നുണ്ട്. (സങ്കീ. ൧൧൮, ൧൦൪) ഇതിനാലാണു ആത്മാവ് യൌവനം പ്രാപിക്കുന്നത്; താൻ അതിനെ കഴുകന്റെ വീണ്ടു വളർ

ച്ചുയോടു ഭംഗിയായി സാമ്യപ്പെടുത്തുന്നു. (സങ്കീ. ൧, ൩)

അതിനാൽ, ഈ പൂൎണ്ണ മനസ്ഥാപസിദ്ധിയ്ക്കായി താഴെ വരുന്ന ധ്യാനങ്ങളെ നീ നന്നായി കഴിക്കുക. അതു ദൈവസഹായത്താൽ നിന്റെ ഹൃദയത്തിൽ നിന്നും പാപത്തെയും പാപേഷ്ടത്തെയും ഉന്മൂലനം ചെയ്യും. ഞാൻ അവയെ ഈ ഉദ്ദേശത്തോടുകൂടിയാണു് ക്രമപ്പെടുത്തിയിരിക്കുന്നതു്. ആകയാൽ അവയുടെ ക്രമം അനുസരിച്ചു ദിവസേന ഓരോന്നു കഴിക്കുക. നിവൃത്തിയുണ്ടെങ്കിൽ ധ്യാനത്തിനുത്തമമായ പ്രഭാതത്തിൽ അതു കഴിക്കയാണു നല്ലതു്. തദനന്തരം അവയെപ്പററി ചിന്തിപ്പാൻ ശ്രമിക്കണം. എന്നാൽ നിനക്കു ധ്യാനപരിശീലനം ഇല്ലെങ്കിൽ അതേപ്പററി രണ്ടാംഭാഗത്തിൽ പ്രസ്താവിക്കാനിരിക്കുന്നവയെ വായിക്കുക.

(അദ്ധ്യായം ൯.)

ഒന്നാം ധ്യാനം —നമ്മുടെ സൃഷ്ടി.

സന്നദ്ധത.

നിന്നെത്തന്നെ ദൈവസന്നിധിയിൽ നിറുത്തുക. ൨. നിന്റെ മനസ്സിനെ ഇളക്കുന്നതിനായി ദൈവത്തോടപേക്ഷിക്കുക.

ചിന്തകൾ.

ഇത്ര കൊല്ലങ്ങൾക്കുമുമ്പു നീ ലോകത്തിലില്ലായിരുന്നു എന്നും നിന്റെ ഉള്ളായ്മ കേവലം ശൂന്യമായിരുന്നു എന്നും ചിന്തിക്ക. എന്റെ ആത്മാവേ, ആ സമയത്തു് നാമെവിടെയായിരുന്നു? അപ്പോൾ ലോകം ഉണ്ടായിട്ടു് ഒട്ടുവളരെ കാലമായിരുന്നു; നാം അറിയപ്പെട്ടിരുന്നുമില്ല.

൨. നിന്നെക്കൊണ്ടു യാതൊരാവശ്യവും ഇല്ലാതിരിക്കെ, തന്റെ പരമനന്മയാൽ മാത്രമാണു് ദൈവം നിന്നെ ഈ ശൂന്യതയിൽ നിന്നും സൃഷ്ടിച്ചു് ഇപ്പോഴത്തെ സ്ഥിതിയിലാക്കിയിരിക്കുന്നതു്.

൩. ദൈവം തനിക്കു തന്നിരിക്കുന്ന ഉള്ളായ്മയെപ്പററി ചിന്തിക്കുക. അതു് നിത്യ ജീവിതത്തിനും ദൈവൈക്യത്തിനും പ്രാപ്തിയുള്ളതും ഈ ദൃശ്യലോകത്തിൽ വച്ചു ഏററം വിശിഷ്ടവും ആകുന്നു.

സ്നേഹ ചിന്തകളും പ്രതിജ്ഞകളും.

ഓ! കൎത്താവേ, ഞാൻ മുഴുവനും അങ്ങേ തിരുമുമ്പിൽ ഒന്നുമില്ലാത്തതുപോലെയായിരിക്കുന്നു. "എന്നെ സൃഷ്ടിക്കുന്നതിനു് എന്നെ അങ്ങുന്നു എങ്ങനെ ഓൎക്കുവാൻ തിരുമനസ്സായി" എന്നു് സങ്കീൎത്തനക്കാരനോടുകൂടി നിന്റെ ഹൃദയത്തിൽ തട്ടി പറഞ്ഞു് ദൈവമുമ്പാകെ നിന്നെ ഏററം എളിമപ്പെടുത്തുക. ഹാ! എന്റെ ആത്മാവേ, ആ പൂൎവ്വശൂന്യതയിൽ വിഴുങ്ങപ്പെട്ടിരുന്നപ്പോൾ അവിടെ നിന്നും ദൈവം നിന്നെ വലിച്ചെടുത്തില്ലായിരുന്നെങ്കിൽ ഇനിയും നീ അതിലായിരുന്നേനെ; ആ സ്ഥിതിയിലായിരുന്നെങ്കിൽ നിനക്കു എന്തു ചെയ്വാൻ കഴിയുമായിരുന്നു?

൨. ദൈവത്തിനു പ്രതിനന്ദി പ്രദൎശിപ്പിക്ക. ഓ! എന്റെ മാഹാത്മ്യമുള്ള നല്ല സ്രഷ്ടാവേ, ഇല്ലായ്മയിൽനിന്നു് എന്നെ സൃഷ്ടിപ്പാൻ തിരുമനസ്സാകയും അങ്ങേ അനുഗ്രഹത്താൽ എന്നെ ഈ സ്ഥിതിയിലാക്കുകയും ചെയ്കതിനാൽ അങ്ങേക്കു ഞാനെത്രയോ കടപ്പെട്ടിരിക്കുന്നു? വേണ്ടപോലെ സദാ അങ്ങേ പരിശുദ്ധനാമം വാഴ്ത്തുന്നതിനും അങ്ങേ അമൂല്യനന്മക്കു് ഉപകാരസ്മരണ ചെയ്യുന്നതിനും എനിക്കു ചെയ്വാൻ കഴിയുന്നതു് എന്തു്?

൩. നിന്നെത്തന്നെ ഉജ്ജ്വലിപ്പിക്കുക. അയ്യോ എന്റെ സ്രഷ്ടാവേ, അങ്ങേ സ്നേഹിച്ചു്, അങ്ങേക്കു ശുശ്രൂഷചെയ്തു്, അങ്ങേയോടു എന്നെ യോജിപ്പിക്കുന്നതിനു പകരം, പാപത്തോടു ചേരുന്നതിനായി ഞാൻ എന്നെ അങ്ങേപ്പക്കൽ നിന്നും മാററി. അങ്ങേയിൽ നിന്നും വളരെ ദൂരെയായി തെററി നടന്നു്, എന്റെ സ്രഷ്ടാവല്ലാത്തതുപോലെ കരുതി അങ്ങേ നന്മയെ ഓൎക്കാതെ, എന്റെ അക്രമമായ സ്നേഹത്താൽ ഞാൻ എന്നെ ഒരു ദ്രോഹിയാക്കിത്തീൎത്തു.

൪. മനസ്താപപ്പെടുക. ഓ! എന്റെ ആത്മാവേ, കൎത്താവു് നിന്റെ ദൈവമെന്നറിക. നീ താനെയുണ്ടായതല്ല. അവിടുന്നാണു് നിന്നെ സൃഷ്ടിച്ചതു്. ഓ! ദൈവമേ, ഞാൻ അങ്ങേ കരങ്ങളുടെ പ്രവൃത്തിയാണു്. ആകയാൽ, ഇനി മേലാൽ ഞാൻ അഹംകരിക്കയില്ല. എന്തുകൊണ്ടെന്നാൽ ഞാൻ തനിച്ചു് ശൂന്യമാകുന്നു. ഓ, പൊടിയും ചാരവുമേ, നിനക്കു എന്നാണു് പ്രശംസിപ്പാനുള്ളതു്?

അല്ല, ഇല്ലായ്മയേ, നീ എന്തിന് നിന്നെത്തന്നെ പുകഴ്ത്തുന്നു? എന്നെത്തന്നെ എളിമപ്പെടുത്താനായി ഇന്നിന്ന കാര്യങ്ങളെ ചെയ്യുന്നതിനും ഇന്നിന്ന അപമാനങ്ങളെ സഹിക്കുന്നതിനും ഞാൻ നിശ്ചയിക്കുന്നു. ഞാൻ എന്റെ ജീവിതത്തെ മാററി ഇനിമേൽ എന്റെ സ്രഷ്ടാവിനെ പിഞ്ചെല്ലും. അവിടുന്നു എനിക്കു തന്ന ഉള്ളായ്മയിൽ അത്യന്തം ബഹുമാനപ്പെട്ടു കൊണ്ട് എന്റെ ആത്മപിതാവ് പഠിപ്പിക്കുന്ന മാർഗ്ഗങ്ങൾ ഉപയോഗിച്ച് അതിനെ തന്റെ തിരുമനസ്സിൻപ്രകാരം പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്യും.

### ഉപസംഹാരം.

൧. ദൈവത്തിനു നന്ദിപറയുക. എന്റെ ആത്മാവേ, നിന്റെ ദൈവത്തെ സ്തുതിക്കുക. എന്നിലുള്ള സകലവും തന്റെ പരിശുദ്ധ നാമത്തെ വാഴ്ത്തട്ടെ; എന്തുകൊണ്ടെന്നാൽ തന്റെ നന്മ എന്നെ സൃഷ്ടിച്ചു. തന്റെ കൃപ ശൂന്യതയിൽ നിന്ന് എന്നെ ഉളവാക്കി.

൨. നിന്നെ ദൈവത്തിനു കാഴ്ചവിശ്ശുക. ഓ! എന്റെ ദൈവമേ, നീ എനിക്കു തന്ന ഉള്ളായ്മയെ അങ്ങേക്കു ഞാൻ സമർപ്പിക്കുന്നു; ഹൃദയപൂർവ്വം അതിനെ അങ്ങേക്കായി കാഴ്ചവച്ചു പ്രതിഷ്ഠിക്കുന്നു.

൩. പ്രാർത്ഥിക്കുക. ഓ! ദൈവമേ, ഈ സ്നേഹചിന്തകളിലും പ്രതിജ്ഞകളിലും എന്നെ സ്ഥിരപ്പെടുത്തുക. പരിശുദ്ധ കന്യകമറിയമേ, ഞാൻ അപേക്ഷിക്കേണ്ടവരായ എല്ലാവരോടുംകൂടെ അവയെ അങ്ങേ പുത്രന്റെ കൃപാകടാക്ഷത്തിന് ഭരമേല്പിക്കുക. 'ആകാശ:' 'നന്മനിറഞ്ഞ:'

നിന്റെ ധ്യാനത്തിന്റെ ശേഷം ദിവസത്തിൽ ശേഷിച്ചിരിക്കുന്ന സമയങ്ങളിൽ നിന്നെ ആശ്വസിപ്പിക്കാനായി ആത്മീയമായ ഒരു പൂച്ചെണ്ടുണ്ടാക്കുക.

---

## നമ്മുടെ മൂന്നു ശത്രുക്കൾ.

(D. J.)

(IV)

ഇനി ഈ തിന്മയുടെ കഷ്ടതയെപ്പററി കുറച്ചൊന്നു വിചിന്തനം ചെയ്യാം. ഇതു്, ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട– നമ്മുടെ കർത്താവീശോമ്ശിഹായുടെ തിരുച്ചോരയാൽ രക്ഷിക്കപ്പെട്ട– പലതവണയും അങ്ങേ തിരുശരീരത്താലും രക്തത്താലും പോററപ്പെട്ട ആത്മാവിനെ അശുദ്ധമാക്കി, ദൈവത്തിന്റെ സ്ഥാനത്തു അശുദ്ധാരൂപിയെ പ്രതിഷ്ഠിക്കുന്നു. മാത്രമല്ല, ദൈവകരങ്ങളാൽ നിർമ്മിതവും വിലതീരാത്ത ആത്മാവിന്റെ സ്നേഹിതനും മാമ്മോദീസായാൽ പരിശുദ്ധാരൂപിയുടെ ആലയവും നമ്മുടെ രക്ഷകനായ മ്ശിഹായുടെ അംഗവുമായിരിക്കുന്ന– ശരീരത്തെ അപമാനിക്കുന്നു. "നിങ്ങളുടെ അവയവങ്ങൾ റൂഹാദക്കുദാ യുടെ ആലയം ആകുന്നുവെന്നു നിങ്ങൾ അറിയുന്നില്ലയോ? ...... വല്ലൊരുത്തൻ ദൈവാലയത്തെ അക്രമിച്ചാൽ അവനെ ദൈവം നശിപ്പിക്കും. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാകുന്നു; അതു നിങ്ങളാകുന്നു... നിങ്ങൾ നിങ്ങളുടേതല്ല. എന്തുകൊണ്ടെന്നാൽ ഒരു വലിയ വിലയാൽ നിങ്ങൾ വാങ്ങിക്കപ്പെട്ടു. ദൈവത്തെ നിങ്ങളുടെ ശരീരത്തിൽ ബഹുമാനിച്ചു വഹിച്ചുകൊണ്ടു നടപ്പിൻ" ബീഡ് എന്ന പുണ്യവാൻ പറയുന്നതുപോലെ നിനക്കിഷ്ടമുണ്ടെങ്കിൽ നിന്നെത്തന്നെ ഹീനനും നിന്ദ്യനുമാക്കിത്തീർക്കാം; ശരി നിനക്കു കഴിയും; എന്നാൽ നിന്നിൽ ഇരിക്കുന്ന മ്ശിഹായെ ഉപദ്രവിക്കരുതേയെന്നു നിന്നോടു ഞാൻ യാചിക്കുന്നു. എത്രയോ ഭയങ്കരമായ ഒരു പാതകമാണ്, പള്ളിയെ– തൂങ്ങപ്പെട്ട രൂപത്തെ– വിശുദ്ധ കുർബ്ബാനയെ– അശുദ്ധമാക്കുന്നതു്! ദൈവത്തിന്റേതും അങ്ങേ അത്ഭുതകൃത്യങ്ങളാൽ ശുദ്ധീകരിക്കപ്പെട്ടതുമായ നിന്റെ ആത്മാവിനേയും ശരീരത്തേയും മലിനപ്പെടുത്തുന്നതും ഇപ്രകാരമുള്ള കഠിനപാതകമല്ലേ? ഒരു രൂപത്തോടു ചെയ്യുന്ന ഉപദ്രവം അതു് ആരെ സൂചിപ്പിക്കുന്നുവോ അയാളോടുള്ളതല്ലേ? ഒരംഗത്തിനു വരുത്തിക്കൂട്ടുന്ന നഷ്ടം അതിന്റെ തലയേയും ബാധിക്കുന്നില്ലേ?

വിശേഷിച്ചും മോഹപാപം ദൈവത്തെ പുച്ഛിക്കുന്നു. ദൈവത്തെ അനുസരിക്കയും ബഹുമാനിക്കയും ചെയ്യുന്നതി

നു പകരം, സൃഷ്ടിയേയും ജഡികസന്തോഷത്തേയും തെരഞ്ഞെടുക്കുന്നു. നിത്യനന്മയും സത്യവുമായിരിക്കുന്ന ദൈവത്തെ സത്യസ്നേഹത്താൽ സ്നേഹിക്കുന്നതിനു പകരം തന്നെ ത്യജിച്ച് തന്റെ സ്ഥാനത്തു മാംസബിംബത്തെ പ്രതിഷ്ഠിച്ചാരാധിക്കുന്നതു് വിശേഷബുദ്ധിയുള്ള ഏവനേയാണ് ലജ്ജിപ്പിക്കാത്തതു? എന്നാൽ ഇതു തന്നെയാണ് മോഹപാപം ദൈവത്തോടു ചെയ്യുന്നതു്.

വിവാഹംകഴിച്ചവർ ഈ പാപത്തിലുൾപ്പെടുമ്പോൾ വേറൊരു തിന്മക്കൂടിയും ഉണ്ടു്. അതായതു് വിവാഹത്തിനു യോജിക്കാത്തതായ പ്രവൃത്തിയാൽ നമ്മുടെ കർത്താവീശോമ്ശിഹാ സ്ഥാപിച്ച വിവാഹം എന്ന കൂദാശയെ ലംഘിക്കക്കൂടി ചെയ്യുന്നു. വി. ബ്രിജീത്താസ്സുണ്ടായ ഒരു വെളിപാടിൽ, അനേകം വിവാഹിതർ നരകത്തിൽ പീഡിപ്പിക്കപ്പെടുന്നതായികണ്ടു. അതിന്റെ കാരണം സ്വാഭാവിക നിയമത്തിനും ദൈവസ്ഥാപനത്തിനും വിരോധമായി വിവാഹത്തെ അന്യായമായി ഉപയോഗിച്ചതായിരുന്നുവെന്നും ആ പുണ്യവതിതന്നെ പറയുന്നു. വി. ഫ്രാൻസിസ് ദെസാലസ് പറയുന്നതുപോലെ "സ്വന്തവീഞ്ഞാലും കോപ്പയാലും ഒരുത്തനു മത്തുപിടിക്കാൻ കഴിയുമെന്ന് നിങ്ങൾ അറിയുന്നില്ലേ?" കൂടാതെയും ആഗ്രഹം, നോട്ടം, സ്പർശനം, വചനം, അടയാളം തുടങ്ങി ഓരോരോ പ്രകാരത്തിൽ പലേതരക്കാരായ ജനങ്ങൾ എത്രയൊ രഹസ്യപാപങ്ങളെയാണ് ചെയ്യുന്നതെന്നും അവയുടെ തിന്മയെത്രന്നും ആർക്ക വർണ്ണിപ്പാൻ കഴിയും?

ഇതിനാലാണ് വിശുദ്ധ വേദപാരഗനായ തോമ്മാസ് അക്വിനാസ് ഈ പാപത്തോളം പിശാചിനു സന്തോഷം വരുത്തുന്ന യാതൊരു പാപവുമില്ലെന്നു പഠിപ്പിക്കുന്നതു്. മോഹപാപിയിൽ പിശാചു് ആവസിച്ചിരിക്കുന്നു; അവനെ ഉപേക്ഷിച്ചു ഓടിപ്പോയില്ലെങ്കിൽ അവൻ പോയി വേറെ "ഏഴു പിശാചുക്കളെ" കൂടി കൂട്ടിക്കൊണ്ടുവന്നു അവനെ നശിപ്പിക്കും. വി. അഗസ്റ്റീനോസ് പറയുന്നതിനെ കേൾക്കുക. "യാതൊരു സൽഗ്ഗുണമാകട്ടെ, നന്മയാകട്ടെ, വിജ്ഞാനമാകട്ടെ മോഹപാപത്തോടുകൂടി സ്ഥിതിചെയ്യുകയില്ല; അതു ശക്തിപ്പെടുന്നതോടെ സകലവിധ തിന്മകളും അതിനെച്ചുററി തിങ്ങിക്കൂടുന്നു."

ഇത്രയും പറഞ്ഞതുപോരെങ്കിൽ അതിൽനിന്നുണ്ടാകുന്ന പരിതാപകര ഫലങ്ങളെ ഒന്നുനോക്കാം. അതു ആത്മാവിന്റെ ലജ്ജ, ഹൃദയക്കുടി മുതലായവകൊണ്ടു സദാ ഞെരുക്കം; ആത്മീയമായവയെ കാണാൻ പാടില്ലാതെ മനുഷ്യനെ മൃഗതുല്യനാക്കും; "പൊന്നു എത്രയൊ മങ്ങി, ഉത്തമമായ നിറം മാറിയിരിക്കുന്നു! പരിശുദ്ധ സ്ഥലത്തിന്റെ കല്ലുകൾ ചിതറിച്ചു..." "താൻ ബഹുമാനത്തിൽ ആയിരിക്കയിൽ മനുഷ്യൻ ഗ്രഹിച്ചില്ല; ബുദ്ധിയില്ലാത്ത മൃഗങ്ങളോടു അവൻ തുല്യപ്പെട്ടു് അവയെപ്പോലെ ആയിത്തീന്നിരിക്കുന്നു." "അവൻപോയി ആ രാജ്യത്തിലെ ഒരു പൌരനെ ആശ്രയിച്ചു; അയാൾ തന്റെ വയലിൽ പന്നികളെ തീററാനായി അവനെ അയക്കുയുംചെയ്തു. പന്നി തിന്നിരുന്ന തവിടുകൊണ്ടു വയറു നിറപ്പാൻ അവൻ ആഗ്രഹിച്ചിരുന്നു, ആരും അവനു കൊടുത്തുമില്ല." മാത്രമല്ല, ആത്മാന്ധത അവനെ ബാധിക്കുകയും ചെയ്യുന്നു. കാക്ക വല്ലതിനേയും പിടിക്കുമ്പോൾ ആദ്യമായി ഇരയുടെ കണ്ണുകുത്തിക്കളയുന്നതുപോലെ, അശുദ്ധാത്മാപിയും ഒരുത്തനെ ഈ പാപത്തിൽ ചാടിച്ചുകഴിഞ്ഞാലുടനെ അവന്റെ ആത്മീയകാഴ്ചയെ ഇല്ലാതാക്കി, തന്റെ വിലയേയും ദൈവസാന്നിധ്യത്തേയും ദൈവത്തോടും തന്നോടും മററുള്ളവരോടുമുള്ള കടമയേയും ആശാപാശങ്ങൾ തന്നെ എത്ര ഹീനമായ ഒരു സ്ഥിതിയിൽ കൊണ്ടാക്കുന്നുവെന്നതിനേയും അവനെ കാണിക്കാതെ കണ്ടിരിക്കുന്നു.

പുത്തിഫാറിന്റെ ഭാര്യ, ദാവീദ്, സ്ലോമ്മോൻ, ഇസ്രായേൽ ജനത്തിന്റെ ന്യായാധിപരായിരുന്ന രണ്ടു കിഴവന്മാർ മുതലായവർ ഇതിനെ ധാരാളം ഉദാഹരിക്കുന്നുണ്ടു്. കൂടാതെയും അവൻ പ്രാർത്ഥനയിലും, ധ്യാനത്തിലും പ്രസംഗത്തിലും; കൂദാശയുടെ സ്വീകരണത്തിലും യാതൊരു രുചിയുംകാണാതെ അവയെ ഉപേക്ഷിക്കുന്നു; ഇതിനിടക്കു അവൻ എത്രയൊ

ദൈവപാപങ്ങളെ മുഖസ്തുതി കാരണത്താൽ തൻെറമേൽ തന്നെ വലിച്ചുവച്ചിട്ടുണ്ടായിരിക്കാം. എത്രയൊ കള്ളക്കുമ്പസാരങ്ങളും കുൎബാന കൈക്കൊള്ളലുകളും അവൻ കഴിച്ചിട്ടുണ്ടായിരിക്കും. വാസ്തവം പറയുന്നതായാൽ ഈ കൂട്ടരാണ് മിക്കവാറും ഇങ്ങനെ ചെയ്യുന്നതു്. ഇങ്ങനെഅവൻെറ ഹൃദയം പാറയ്ക്കുസമമായിത്തീരുന്നു. വി.ക്രിസോസ്തോമസു പറയുന്നതുപോലെ 'ചെമ്മരിയാട്ടിൻകുട്ടിയെഭക്ഷിച്ച ചെന്നായായിത്തീരുന്നു'.മനുഷ്യനെപിടിക്കാനായുള്ളഇത്ര നല്ല ചൂണ്ടൽ പിശാചിനുവേറെയില്ല. ഇങ്ങനെയുള്ളവർ അനുതാപം കൂടാതെയാണ് സാധാരണ മരിക്കുന്നതും "മോഹപാപം അനുതാപമില്ലായ്മയുടെ മാതാവാകുന്നു" "ദിവസേനയുള്ളയുദ്ധത്തിൽ, ജയമൊ ദുർല്ലഭം" എന്നു വി. അഗസ്റ്റീനോസ് പറയുന്നതും ഇതിനെപ്പററിയാണ്. ഇത്രയും പറഞ്ഞതിൽനിന്നും ഈ പാപത്തിൽ വീഴാത്തവരായി ചുരുക്കം വല്ലവരും ഉണ്ടെങ്കിൽ അവർ ഇതിനെ വളരെ സൂക്ഷിച്ച് ഒഴിഞ്ഞുമാറണമെന്നും അല്ലാത്തവർ ആശാപാശങ്ങളെ അടക്കിയും പ്രാൎത്ഥനകളെ വൎദ്ധിപ്പിച്ചും ആത്മാവിൻെറ സമാധാനവും സ്വാതന്ത്ര്യവും സൌഖ്യവും പരിപാലിച്ചുകൊള്ളണമെന്നും സിദ്ധിക്കുന്നുണ്ടല്ലൊ. ഇതിനായി പുണ്യവാന്മാർ എത്രത്തോളം പ്രയാസപ്പെട്ടുവെന്നു പറഞ്ഞാൽ അവിശ്വാസ്യമായി തോന്നത്തക്കവണ്ണം അത്ര അത്ഭുതകരമാണ്. വി. ബെനദിക്തോസ് മോഹപാപപരീക്ഷകളെ തടുക്കുന്നതിനായി മുള്ളുകളുടെയിടയിലും വി. പ്രാൻസിസ് ദെസാലസും, വി. ബെൎണ്ണാർദ്ദും മഞ്ഞിലും കിടന്നുരുണ്ടിരുന്നു; താൻ സന്യസിച്ചിരുന്ന ഒരു ഏകാന്തദ്വീപിൽ ഒരു സ്ത്രീ വന്നു കയറിയതിനാൽ അവളോടുകൂടി വസിക്കുന്നതിനേക്കാൾ തന്നെ തന്നെ കടലിൽ എറിഞ്ഞതായി മൎത്തിനിയാനൂസിനെപ്പററി പറയപ്പെട്ടിരിക്കുന്നു; വി. എവുസേബിയായും കൂട്ടരും, തങ്ങളുടെ മഠത്തെ ആക്രമിച്ച അവിശ്വാസികളാൽ മോഹിക്കപ്പെടാതിരിപ്പാനായി, അവരുടെ മുഖത്തെ മാന്തിക്കീറി വിരൂപപ്പെടുത്തിയിരുന്നു. ഇപ്രകാരം പുണ്യാത്മാക്കളാൽ ഇത്ര പൂജ്യമായി കരുതപ്പെട്ട വിരക്തിയെ പാലിക്കുന്നതിന്നായി നാം ചെയ്യേണ്ടവ എന്തെന്നു ഇനി ആലോചിക്കാം. മാംസത്തിൻെറ ആഗ്രഹങ്ങളെ തടയാനായിഒന്നാമതായി ചെയ്യേണ്ടതു് മാംസസംയമനം തന്നെയാണ്. ഇതാണു പുണ്യവാന്മാർ നമ്മെ ഉപദേശിക്കുന്നതും നമ്മെ കാണിച്ചുതരുന്നതും. മാംസത്തിനു ഉപ്പിട്ടാൽ ചീയാതിരിക്കുന്നതുപോലെ, നമ്മുടെ ശരീരത്തിനും പ്രായശ്ചിത്തമാകുന്ന ഉപ്പിട്ടാൽ പാപത്താൽ വഷളാകാതെയിരിക്കും. നമ്മുടെ ശക്തിക്കും പരീക്ഷകളുടെ ഗൌരവത്തിനും തക്കതായിരിക്കണമതെന്നു വിവേകം ആവശ്യപ്പെടുന്നുണ്ടല്ലൊ. വി. പ്രാൻസിസ് പറയുന്നതു്, മാംസസംയമനം ചെയ്യുന്നവരിൽ നിന്നും പിശാചുക്കൾ ഓടിഒളിക്കുന്നുവെന്നാണ്. നമ്മുടെ രക്ഷകൻ പഠിപ്പിക്കുന്നതും നോമ്പും ജപവുമാണല്ലൊ. രണ്ടാമതായി ദൈവത്തെക്കുറിച്ചുള്ള സ്മരണ സദാ ഉണ്ടായിരിക്കണം. "ജ്ഞാനത്തിൻെറ ആരംഭം ദൈവഭീതിയാണ്." നമ്മുടെ വിചാരങ്ങളേയും വചനങ്ങളേയും പ്രവൃത്തികളേയും കാണുന്ന ആൾതന്നെയാണ് നമ്മെ വിധിക്കാനിരിക്കുന്നതും. ദൈവസാന്നിദ്ധ്യസ്മരണയെക്കാൾ വലുതായ ഒരു സിദ്ധൌഷധം ഇല്ലാ. വൃദ്ധയൌസേപ്പിനേയും ,സൂസന്നയേയും രക്ഷിച്ചതു ഈ സ്മരണയായിരുന്നു. മൂന്നാമതായി ആത്മാവിൻെറ ജന്നലുകളായ ഇന്ദ്രിയങ്ങളെ പ്രത്യേകം സൂക്ഷിക്കണം. ഇവയിൽ പ്രധാനമായതു കണ്ണാണ്. ഒരു നോട്ടമാണ് ദാവീദിനെ പാപത്തിൽ വീഴിച്ചതു്. "നമുക്കാഗ്രഹിപ്പാൻ പാടില്ലാത്തയാതൊന്നിനേയും നോക്കാതിരിക്കണ"മെന്നാണ് ശുദ്ധ ഗ്രിഗോരി പുണ്യവാൻ പറയുന്നതു്. "ഞാൻ എൻെറ കണ്ണുകളുമായി ഒരുടമ്പടി ചെയ്തു" (ജോബ് ൩൧. ൧.) നാലാമതായി പാപഹേതുസാധനങ്ങൾ, അമിതഭക്ഷണം, ചീത്തപ്പുസ്തകം, ദുൎജ്ജനന്മാരുമായുള്ള ഇടപാടു മുതലായവ ഉപേക്ഷിക്കുക. "ആപത്തിനെ സ്നേഹിക്കുന്നവൻ അതിൽതന്നെ നശിക്കും." അഞ്ചാമതായി, മനുഷ്യനു സാധിക്കാത്തതു ദൈവത്തിനു കഴിയുമെന്ന പൂൎണ്ണശരണത്തോടെ അപേക്ഷിക്ക; കൂടക്കൂടെ പാപസങ്കീൎത്തനം കഴിക്ക, കുൎബാന കൈ

കൊള്ളുക; ഇവയാണ് ക്രിസ്ത്യാനിയുടെ ആത്മീയ യുദ്ധസാമഗ്രികൾ. മറിയത്തിൻെറമേലും വി. യൌസേപ്പിൻെറമേലും യഥാൎത്ഥമായ ഭക്തിയുണ്ടായിരിക്കു; സദാ മനുഷ്യൻെറ നാലു അന്ത്യങ്ങളെ ഓക്കു; കൎത്താവിൻെറ പീഡാനുഭവത്തെപ്പററി ധ്യാനിക്കു; കുരിശുവരച്ചുകൊണ്ടുഈശോയുടെ നാമത്തെ ഉച്ചരിക്കു. ആറാമതായി പാപാവകാശങ്ങളെ അകററുക, മാംസപാപത്തിലെപ്പോലെ സന്ദൎഭവും പാപവും തമ്മിൽ അത്ര സംബന്ധമുള്ളതായി യാതൊരു പാപവുമില്ല. ഇതിനെ ഗൌനിക്കാത്തവർ നദികളിലെ ചുഴിയുടെ അരികിൽക്കൂടി നീന്തുകയും അതിൽ അകപ്പെടുകയില്ലെന്നു വിചാരിക്കുകയും ചെയ്യുന്നവരെപ്പോലെയാണ്. താൻ ഉരുക്കെന്നാണ് മനുഷ്യൻെറ വിചാരം. എന്നാൽ ഉരുക്കും തീയിൽ മെഴുകുപോലെ വളയുമെന്നു ധരിച്ചിരിക്കട്ടെ. വിശുദ്ധ ജെറോം പറയുന്നതുപോലെ ഒരണലി പാമ്പിൻെറ അരികിൽ ഒരാൾ എങ്ങിനെ സുഖമായി കിടന്നുറങ്ങും? വലത്തുകണ്ണും കയ്യുമായിരുന്നാലും കൊള്ളാം ചീത്ത കൂട്ടുകാരെ ഉപേക്ഷിക്കണം, എന്തുകൊണ്ടെന്നാൽ ഇവരേക്കാൾ വിലയേറിയതാണു നിത്യരക്ഷ.

“നരകത്തിൻെറ രണ്ടാം വാതിലായ നയനാതിലിപ്സ”യെപ്പററി സംക്ഷിപ്തമായി ഇനി പറയാം. നമ്മുടെ ദൃഷ്ടിയിൽ പെടുന്ന സകലത്തേയും ലഭിച്ച് സന്തോഷിപ്പാനുള്ള അഗ്രഹം അല്ലെങ്കിൽ ലോകസമ്പത്തുക്കളുടെ ആരാധനയാണിതു്. ഈ ചങ്ങലകൊണ്ടാണ് പിശാചു പലരെയും ബന്ധിക്കുന്നതും. ഇതിൽനിന്നുണ്ടാകുന്ന ഫലങ്ങൾ ഇന്നവയെന്നറിയാത്തവർ ആരാണ്? അത്യാഗ്രഹം, കളവു, ചതി, പിടിച്ചുപറി, ശണ്ഠ, കൊല, ദൈവദോഷം മുതലായവ ഇതിൽനിന്നും ഉത്ഭവിക്കുന്നില്ലെ? ഇങ്ങനെ പണത്തെ ദൈവമാക്കുന്നവൎക്കു ഒരു പാഠമായിരിക്കും യൂദാസ്. “നീ വീണു് എന്നെ ആരാധിച്ചാൽ സകലവും നിനക്കു ഞാൻ തരാം” എന്നു മ്ശിഹായോടു പറഞ്ഞതുതന്നെ ഇന്നും പിശാചു മനുഷ്യരോടും പറയുന്നു. ഹാ! മ്ശിഹാ ചെയ്തതുപോലെമനുഷ്യർചെയ്തിരുന്നെങ്കിൽ!.

ഇതിനു പ്രധാന പ്രതിവിധി നമ്മുടെ കൎത്താവിൻെറ ഉദാഹരണത്തേയും പഠനത്തേയും അനുകരിക്കതന്നെ. “ലോകം മുഴുവനും നേടിയാലും നിൻെറ ആത്മാവിനെ നശിപ്പിച്ചാൽ എന്തു ഫലം” ഈ വാക്യം ഇരുമ്പുപേനകൊണ്ടു മനുഷ്യഹൃദയങ്ങളിൽ എഴുതപ്പെട്ടിരുന്നെങ്കിൽ എത്രയൊ നന്നായിരുന്നേനെ. നിങ്ങൾക്കു ധനം അധികമുണ്ടെങ്കിൽ ദരിദ്രരെ സഹായിപ്പാനായി ഉപയോഗിപ്പിൻ. പ്രകൃതിയെതന്നെ നോക്കുക. വരണ്ട ഭൂമി മഴവെള്ളം കുടിച്ച് ശേഷമുള്ളവ ഒഴുകി മററുള്ളവയെ സഹായിപ്പാനായി അനുവദിക്കുന്നു; മരത്തിൻെറ ഒരു കൊമ്പിലെ നീരു മററുള്ള ശിഖരങ്ങൾക്കും വിട്ടുകൊടുക്കുന്നു, മേഘങ്ങൾ അധികമായി ഘനീഭവിക്കുമ്പോൾ വൎഷിക്കുന്നു. മനുഷ്യനൊ എന്നാൽ ശേഖരിക്കുന്നു. ദരിദ്രരെ സഹായിക്കാതെ വാങ്ങുന്ന പുരയിടങ്ങളും പണിയിക്കുന്ന മാളികകളും ഒരുത്തൻെറ അപമാനസ്തംഭങ്ങളാണെന്നുള്ള സ്മരണ സദാ മനുഷ്യരെ ഉണൎത്തട്ടെ. എനിക്കു പണമില്ലെന്നുള്ള സാധാരണ നിലവിളിക്കുത്തരം ധൎമ്മം കൊടുക്കാഞ്ഞതുകൊണ്ടാണെന്നു ഞാൻ പറയാൻ മടിക്കുന്നില്ല. ലോകത്തിൽവച്ച് പാവങ്ങൾക്കു കൊടുക്കുക; മോക്ഷത്തിലെ ഹെഡ് അഞ്ചലാപ്പീസിൽവച്ച് അതു നമുക്കു തിരിച്ചുകിട്ടും. എന്നാൽ നേരെ മറിച്ചു ധനവാന്മാർ ദരിദ്രരെ ഉപദ്രവിക്കുന്നതായിട്ടാണ്. കാണുക. കൊടുക്കാനായി കല്പിക്കപ്പെട്ടവരിൽനിന്നും എടുക്കുന്നതിൽ നമുക്കു ലജ്ജിക്കാം” എന്തുകൊണ്ടെന്നാൽ അതു ഒരു ഭയങ്കര ക്രൂരതയാണ്.

ഇത്രയും പറഞ്ഞുകൊണ്ടു “നരകത്തിൻെറ മൂന്നാം വാതിലായ ജീവിതഡംഭത്തി”ലേക്കു നമ്മുടെ ദൃഷ്ടിയെ പതിക്കാം. മററുള്ളവരെ നിന്ദിക്കയും തന്നെത്തന്നെ ഉയൎത്തുകയും, ബഹുമാനങ്ങളെ അഗ്രഹിക്കയും എന്തിനു, സകലത്തിലും “സ്വാൎത്ഥതയെ” അന്വേഷിക്കയും ചെയ്യുന്നതാണിതു. “നിങ്ങൾ ദൈവത്തെപ്പോലെ” യാകുമെന്നുള്ള നരകീയ സൎപ്പത്തിൻെറ വാഗ്ദാനഫലമാണ് ഡംഭം. പറുദീസായിലെ കല്പനാലംഘനം തുടങ്ങി മനുഷ്യജാതി ഈ പാപത്താൽ വിരൂപമാക്കപ്പെ

ട്ടു. മനുഷ്യപാപത്തിന്റെ കാരണം നിഗളമായിരുന്നു; പാപത്തിന്റെ ഫലവും നിഗളംതന്നെ. ഇതേ പാപത്താലാണ് അനേകം മാലാഖാമാർ മോക്ഷത്തിൽനിന്നും ബഹിഷ്കരിക്കപ്പെട്ടതും.

ഡംഭം സകല തിന്മകളുടെയും പിതാവാണെന്നു പറയുന്നതു വളരെ യുക്തിപൂർവ്വംതന്നെ. ഇതിൽനിന്നും അഹം, അത്യാഗ്രഹം, വ്യർത്ഥസ്തുതി, വഞ്ചകത്വം, അനുസരണയില്ലായ്മ, ദൈവത്തിനോടും തന്റെ അധികാരികളോടുമുള്ള മത്സരം, അസൂയ, വൈരാഗ്യം, വെറുപ്പ്, പകരംവീഴ്ച മുതലായവ ഉത്ഭവിക്കുന്നു. അശുദ്ധ പാപങ്ങളും മിക്കപ്പോഴും ഇതിന്റെ ഫലമൊ ശിക്ഷയൊ ആയിട്ടാണെന്നു പ്രത്യേകം ഓർക്കേണ്ടതാണ്. ഹാ! ഈ പാപത്തിന്റെ ഫലങ്ങൾ എത്രയൊ ഭയജനകം! ഡംഭത്താൽ ലൂസിഫറും കൂട്ടരും മോക്ഷത്തിൽവച്ച് പിഴച്ച് അന്ധകാരത്തിന്റെ പിതാക്കന്മാരായി; ആദിമാതാപിതാപിതാക്കന്മാർ പറുദീസായിൽവച്ചു നിഗളത്താൽ വീണ് നമ്മെ ഈ നിത്യപാപത്തിനു പാത്രവാന്മാരാക്കി; ആദ്യ കൊലപാതകനായ കായേൻ ലോകത്തിൽവച്ച് ഈ പാപത്താൽതന്നെ പിഴച്ചു. ഇതാണ് പൂർവ്വയൌസേപ്പിനെ വില്പാനായി അയാളുടെ സഹോദരന്മാരെ പ്രേരിപ്പിച്ചതു; ഈ കാരണത്താൽ സൌൽ രാജാവ് ദൈവ വിളിയേയും ചെങ്കോലിനേയും ജീവനെത്തന്നെയും നശിപ്പിച്ചു; അമാൻ, മർദോക്കെക്കു തയ്യാറാക്കിയിരുന്ന കഴുവിൽ തൂങ്ങി; നബുക്കദ്നോസർ മൃഗത്തെപ്പോലെ പുല്ലു തിന്നുകയും മറ്റും ചെയ്യുന്നതിനുള്ള കാരണവും ഇതല്ലാതെ മറ്റൊന്നുമല്ല, പ്രസിദ്ധ സഭാപിതാവായ തെർത്തുള്ളിയൻ ഒടുവിൽ മതഭേദിയായതും, ആരിയൂസ് കഠിനമായി തിരുസഭയെ പിഡിപ്പിച്ചതും, ലൂഥരിന്റെ ബുദ്ധിവിലാസത്തെ ദൈവത്തിനും മനുഷ്യനുമെതിരായി ഉപയോഗിച്ചതും,...ഇടത്തൂട്ടുകളും ശീശ്മകളും മതത്യാഗങ്ങളും ഉണ്ടായതും എല്ലാം നിഗളമെന്ന വസന്തയാലാണ്. സാക്ഷാൽ സകല പാപങ്ങളുടെയും ആരംഭം നിഗളമാണ്. നിഗളത്തിനുള്ള പ്രതിവിധികൾ എന്തെല്ലാമെന്നു പറഞ്ഞു ഈ ലേഖനത്തെ അവസാനിപ്പിക്കാം. തന്നെത്തന്നെ അറിയുക, എളിമയെ അഭ്യസിക്കു, കർത്താവിന്റെ ജീവിതത്തിന്മേലും ഉദാഹരണത്തിന്മേലും ധ്യാനിക്കു, ദൈവത്തോടപേക്ഷിക്കു എന്നു മാത്രം പറയാനെ തല്ക്കാലം സ്ഥലം അനുവദിക്കുന്നുള്ളു.

ആകയാൽ നമുക്കു ഈ മൂന്നു ശത്രുക്കളോടും ധൈര്യമായി പോരാടാം. ജയിക്കാൻ പാടില്ലാത്തതായ യാതൊരു യുദ്ധവുമില്ല. മനുഷ്യന്റെ സ്വന്ത ശക്തിയാൽ പാടില്ലെന്നതു സത്യംതന്നെ. എന്നാൽ, എന്നെക്കൂടാതെ നിങ്ങൾക്കു യാതൊന്നും ചെയ്വാൻ കഴികയില്ലെന്നു പറയുന്ന ദൈവംതന്നെ, എന്നിൽ സകലവും സാദ്ധ്യമെന്നും പറയുന്നു. ചെച്ചിലിയായേയും അഗ്നേസിനേയും സൂസന്നായേയും പൂർവ്വയൌസേപ്പിനേയും സഹായിച്ച ദൈവം, നമ്മേയും ആദരിക്കും. തീച്ചൂളയിലെ മൂന്നു കുട്ടികളോടു ചെയ്തു അത്ഭുതംതന്നെ ഇപ്പോഴും സർവ്വേശ്വരൻ ചെയ്യുന്നു. തീച്ചൂളയിലെ ജ്വാലകൾ നമ്മുടെ മോഹജ്ജ്വാലയും തീച്ചൂള ലോകപരീക്ഷകളുമാണെന്നേയുള്ളു. ഇതിനെല്ലാം പ്രാർത്ഥനയാണു വേണ്ടതു്. പല മാർഗ്ഗങ്ങൾ മുകളിൽ വിവരിച്ചിട്ടുണ്ടു; എല്ലാററിലും പ്രധാനം ജപം തന്നെ. ദൈവം നല്ലവനും നമ്മുടെ അഭ്യുദയകാംക്ഷിയുമാകുന്നു. ഒരു പിതാവാണു താൻ. ഈ ചെറിയവരിൽ ഒരുത്തരും നശിക്കരുതെന്നുമാണു സ്വർഗ്ഗത്തിലിരിക്കുന്ന പിതാവിന്റെ തിരുമനസ്സും അവിടുന്നു നമ്മെ ഉപേക്ഷിക്കയോ വിട്ടുകളകയോ ചെയ്യുകയില്ലെന്നും ഒരു മാതാവ് അവളുടെ കുഞ്ഞിനെ മറന്നാലും താൻ നമ്മെ മറക്കയില്ലെന്നും നമ്മെ തൊടുന്നവൻ തന്റെ കണ്ണിലുണ്ണിയെയാണ് തൊടുന്നതെന്നുമുള്ള ദൈവവാഗ്ദാനം നമ്മേ ആശ്വസിപ്പിക്കട്ടെ. നമ്മുടെ യുദ്ധത്തിൽ തന്നെ സഹായത്തിനായി വിളിക്കയും വരപ്രസാദങ്ങൾക്കനുസരിച്ചു പ്രവർത്തിക്കയും ചെയ്യുവോളം നമ്മുടെ ആത്മാവിനു യാതൊരു തിന്മയുമുണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ ദൈവത്തിനു അസാദ്ധ്യമായി ഒരു സംഗതിമാത്രമെയൊള്ളു. അതു്, തന്നിൽ വിശ്വസിക്കുന്ന ഒരാത്മാവിനെ നിരസിക്കയും വാഗ്ദാനലംഘനം

ചെയ്യുകയുമത്രെ. "കർത്താവേ! ഞാൻ നിന്നിൽ ശരണപ്പെട്ടു, നിത്യമായി ഞാൻ കുഴങ്ങുകയില്ല."

---

## പരേതനായ മോൺസിഞ്ഞോർ ബുഗേർററ് അവർകൾ.

ഫ്രാൻസിൽ മോൻറലെജിയോൺ എന്ന സ്ഥലത്തെ ശുദ്ധീകരാത്മാക്കളുടെ പരിഹാരസഭയുടെ സ്ഥാപകനും ഡയറക്ടർ ജനറാളുമായിരുന്ന മൊൻസിഞ്ഞോർ ബുഗാർററ അവർകൾ കഴിഞ്ഞ ജൂൺമാസം 14-ാംനു- പരലോകപ്രാപ്തനായതിൽ അത്യന്തം വ്യസനിക്കുന്നു. ഈ വന്ദ്യ പുരോഹിതൻ ഫ്രാൻസിൽ ഒറേൻ നഗരത്തിൽ ബില്ലചില്ലാരസ് എന്ന സ്ഥലത്തു് 1943 മാർച്ചു മാസം 25-ാംനു- ജാതനായി. 1886 മെയ് മാസം 26-ാംനു-യാണു പുരോഹിതസ്ഥാനത്തിൽ ഉയർത്തപ്പെട്ടതു്. അതിൽ പിന്നീടു ഇദ്ദേഹം കുറെററ്, അഡ് മിനിസ്ത്രേയിററർ ഡൊമെസ്റ്റിക്ക് പ്രിലെററ് ആദിയായ പല ഉദ്യോഗങ്ങൾ ശ്ലാഘ്യമാംവണ്ണം നടത്തീട്ടുള്ളതാകുന്നു. ഒരു വൈദികശിരോമണിക്കു വഹിക്കത്തക്ക പല ജോലികളുടെ മദ്ധ്യേ നിസ്സഹായരായി, ശുദ്ധീകരസ്ഥലത്തിൽ കഠിനതര പീഡകൾ അനുഭവിക്കുന്ന വിശുദ്ധാത്മാക്കളുടെ ആശ്വാസത്തെ ഉദ്ദേശിച്ചു് പരിഹാരസഭയെന്ന ഒരു സഖ്യം സ്ഥാപിച്ചു് അതിന്റെ ഡയറക്ടർ ജനറാൾ എന്ന സ്ഥാനം വഹിച്ചുവന്നു. ഇതിനിടക്കു അദ്ദേഹത്തിനു നേരിട്ട അസ്വാസ്ഥ്യം നിമിത്തം വിശ്രമാർത്ഥം റോമിൽ പോയി താമസിക്കയിലാണു മരണഹേതുകമായ ഹൃദ്രോഗം പിടിപെട്ടതു്. പരിശുദ്ധ പിതാവു 15-ാം ബനദിക്താസ് മാർപ്പാപ്പാ തിരുമനസ്സു കൊണ്ടു പല അവസരത്തിലും ഇദ്ദേഹത്തെപ്പററയുള്ള മതിപ്പു പ്രദർശിപ്പിക്കുകയും തിരുമനസ്സിലെ സെക്രട്ടറിയെ അയച്ചു് രോഗശയ്യയിൽ വച്ചു മോൻസിഞ്ഞോർ ബുഗാർററിനെ ആശ്വസിപ്പിക്കയും ശ്ലൈഹികമുദ്രയുള്ള ആശീർവ്വാദം നൽവുകയും ചെയ്തതു പ്രസ്താവ്യമാണു്. ഇദ്ദേഹത്താൽ സ്ഥാപിതമായ പരിഹാരസഭയുടെ രക്ഷാധികാരിയായ അത്യുന്നത കർദ്ദിനാൾ വിൻസെൻറ വന്നുതേലി അവർകൾ രോഗിയെ സന്ദർശിക്കയും ദയാസൂചകമായ വചനങ്ങളാൽ ആശ്വസിപ്പിക്കയും ചെയ്തിരുന്നു. ഇങ്ങനെ പല മഹാന്മാരും മൊൻസിഞ്ഞോർ ബുഗാർററിന്റെ ദീനാവസ്ഥയിൽ അദ്ദേഹത്തെ കണ്ടു ആശ്വസിപ്പിക്കയും രോഗശമനത്തിനായി പ്രാർത്ഥിക്കയും ചെയ്തു ദൈവം നിശ്ചയിച്ച സമയം വന്നതിനാൽ ഇവരുടെ ആഗ്രഹവും പ്രാർത്ഥനയും വേറൊരുവിധത്തിൽ ഗുണമായി പരിണമിക്കുന്നതിന്നിടയായി. വേണ്ട ഒരുക്കത്തോടും വേണ്ടപ്പെട്ടവരുടെ സാന്നിദ്ധ്യത്തിലും തന്റെ പ്രിയപ്പെട്ട കർത്താവിൽ ആശ്വസിക്കുവാനിടയായതു് ഒരു വലിയ ഭാഗ്യമാണല്ലോ. ഇദ്ദേഹത്തിന്റെ പരിശ്രമംമൂലം എത്ര ആയിരം ആത്മാക്കൾ ശുദ്ധീകരസ്ഥലത്തിൽ നിന്നും വിമോചിതരായിട്ടുണ്ടെന്നും ഇവർ ഇദ്ദേഹത്തെ എത്ര കൃതജ്ഞതയോടും സന്തോഷത്തോടുംകൂടെ നിത്യസമ്മാനത്തിന്നായി ദൈവസന്നിധിയിൽ കൂട്ടിക്കൊണ്ടുപോയിരിക്കണം എന്നും നമുക്കു ഊഹിക്കാവുന്നതാണ്. ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളെ സഹായിക്കുന്നതു പരസ്നേഹത്തിന്റെ ഒരു പ്രധാന കൃത്യമാകുന്നു. നിസ്സഹായന്മാക്കു വേണ്ടി നാം ചെയ്യുന്ന ധർമ്മകൃത്യങ്ങൾ എത്ര ഫലമുള്ളതായിരിക്കും എന്നു വിശേഷാൽ പറയേണ്ടതായിട്ടില്ല. മൊൻസിഞ്ഞോർ ബുഗേർററിന്റെ സഭക്കാർ ചെയ്യുന്ന സഹായംകൊണ്ടു്, ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടി സമർപ്പിക്കപ്പെടുന്ന കുർബാനകൾ അസംഖ്യമെന്നേ പറയാനുള്ളു. ഈ കേരളത്തിൽക്കൂടെയും ഈ വന്ദ്യപുരോഹിതൻ അയച്ചിട്ടുള്ള കുർബാനപ്പണം ഒട്ടും ചില്ലറയല്ല. ഇങ്ങനെ അനവധി നന്മകളെ ലോകവാസികൾക്കും ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്കും ഒരുപോലെ പൊഴിച്ചുകൊണ്ടിരിക്കുന്ന ഇദ്ദേഹത്തിന്റെ നിത്യസമാധാനത്തിനായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

## ജപമാല.

ജപമാല രാജ്ഞിക്കു പ്രതിഷ്ഠിതമായിരിക്കുന്ന മാസമാണല്ലൊ ഇതു. ജപമാലസഭയിൽ ചേൎന്നിട്ടുള്ളവർ അമ്പത്തിമൂന്നുമണി ജപം ചൊല്ലുമ്പോൾ ഓരോ 'നന്മനിറഞ്ഞമറിയത്തിന്നും' രണ്ടായിരത്തി ഇരുപത്തഞ്ചു ദിവസത്തെ ദണ്ഡവിമോചനം അവൎക്കു ലഭിക്കുന്നതാണു. ഈ കണക്കുപ്രകാരം 53 മണി ജപമാലക്കു ഒരു ലക്ഷത്തി 1250 ദിവസത്തെ ദണ്ഡവിമോചനമുണ്ടെന്നു കാണാം. ജപമാല ധരിച്ചു നടക്കുന്നവൎക്കു നാല്പതിനായിരം ദിവസത്തെ ദ. വിമോചനമാണു ലഭിക്കുന്നതു്. ഈ മാസത്തിൽ ദേവാലയത്തിൽ കൂട്ടമായി ഈ ജപം ചൊല്ലുന്നവൎക്കു 50 വൎഷത്തെ ദ. വിമോചനം ൯-ാം പീയൂസ് മാൎപ്പാപ്പാ കല്പിച്ചു നല്കിയിരിക്കുന്നു. ഇങ്ങനെ ആത്മിക സമ്പത്തുകളുടെ ഒരു ഭണ്ഡാഗാരമായ ജപമാല സ്വാധീനത്തിൽ വെച്ചുകൊണ്ടു് പട്ടിണിമൂലം ആത്മാവിനെ ക്ഷീണിപ്പിക്കുവാൻ— അല്ല ഒരുപക്ഷെ കൊല്ലുവാൻ— ഇടയാക്കുന്നതു് ഭോഷത്തമല്ലേ? പിശാചുക്കളോടുള്ള യുദ്ധത്തിൽ അവരെ പായിച്ചടിക്കുന്നതിനു നമ്മുടെ അമ്മ പരിശുദ്ധ മറിയം നമുക്കു നല്കീട്ടുള്ള ശക്തിമത്തായ ഒരായുധമാണിതു്. ഇതും ധരിച്ചു നടക്കുന്നവരുടെ നിത്യരക്ഷ അപകടത്തിലാകുക അത്ര എളുപ്പമല്ല. അതിനാൽ ഈ മാസത്തിൽ ഈ ആയുധാഭ്യാസം ചെയ്വാൻ പ്രത്യേകം ഉത്സുകരായിരിക്കണം.

---

## തിരുഹൃദയഭക്തന്മാർ
### ൧൦൯൬ തുലാമാസത്തിൽ വെക്കേണ്ട
## പൊതുനിയോഗം.

### മതതീക്ഷ്ണതയുള്ള വൈദികരുടെ അഭിവൃദ്ധി.

ദിവ്യരക്ഷകനായ ഈശോമിശിഹാ ഈ ലോകത്തിൽ സഞ്ചരിക്കയിൽ ദീനക്കാരെ സുഖപ്പെടുത്തിക്കൊണ്ടും, മരിച്ചവരെ ഉയിൎപ്പിച്ചുകൊണ്ടും, അയ്യസ്സിൻെറ അപ്പത്തെ ആശീർവദിച്ചുകൊടുത്തുകൊണ്ടും അനേകരെ സത്യവേദത്തിലേക്കു ആകൎഷിച്ചിരുന്നു. ദൈവശുശ്രൂഷികളായ പട്ടക്കാർ വഴിയായി അതേവിധം തന്നെ ഇപ്പോഴും നടന്നുകൊണ്ടിരിക്കണമെന്നാണു അവിടുത്തെ നിശ്ചയം. എന്നാൽ ഇനിയും സത്യവേദത്തിൽ ചേരാത്തവരുടെയും, പാപാന്ധകാരത്തിൽ കിടന്നലയുന്നവരുടെയും സംഖ്യ തുലോം അധികരിച്ചിരിക്കുന്നതു വളരെ ശോചനീയം തന്നെ. "കൊയ്ത്തു അധികം വേലക്കാർ ചുരുക്കം" എന്നു് വിശുദ്ധ പുസ്തകത്തിൽ എഴുതിയിരിക്കുന്ന വാക്യം ഇപ്പോഴും സാൎത്ഥകമായിത്തന്നെയിരിക്കുന്നു. കൎത്താവിൻെറ മുന്തിരിത്തോട്ടത്തിൽ വേലചെയ്യുന്നതിന്നു ശുഷ്കാന്തിയുള്ള വേലക്കാർ ഇനിയും തികഞ്ഞിട്ടില്ലാ. സകല മനുഷ്യരും രക്ഷിതരാകണമെന്നുള്ള ആഗ്രഹത്താൽ, വേണ്ടതിൽ കവിഞ്ഞു പ്രവൎത്തിച്ചിട്ടുള്ള ദൈവം ഇനിയും വേണ്ട ഒത്താശകൾ ചെയ്യുന്നതിനു സന്നദ്ധനായിരിക്കുന്നു. എന്നാൽ അവിടുത്തെ ആജ്ഞാനുസരണം വേല ചെയ്യുന്നതിന്നുള്ള മനുഷ്യരുടെ അലസത ഒന്നു മാത്രമാണു വേലക്കാർ കുറയുന്നതിന്നുള്ള കാരണം. ലോകസുഖങ്ങളിന്മേലും ഭാഗ്യങ്ങളിന്മേലുമുള്ള ദുരാഗ്രഹം പലരേയും വൈദികാന്തസ്സിൽ പ്രവേശിക്കുന്നതിന്നു വിമുഖന്മാരാക്കുന്നു. ക്രൂശിതനെയും സത്യവേദത്തെ പ്രസംഗിക്കയും ആത്മശുദ്ധീകരണത്തിന്നു അവശ്യാവശ്യമായ ദിവ്യകൂദാശകളെ ജനങ്ങൾക്കു പ്രദാനം ചെയ്കയും ചെയ്യുന്നതിന്നുള്ള വൈദികഗണത്തിൻെറ ശുഷ്കാന്തക്കുറവും ഇതിന്നു ഒരു കാരണമായി കരുതാം. ക്രിസ്തീയവേദത്തിൻെറ ആദിമദശയിൽ ശ്ലീഹന്മാരും അവരെ അനുഗമിച്ചിരുന്ന വിശുദ്ധ പിതാക്കന്മാരും എണ്ണത്തിൽ ചുരുങ്ങിയവരായിരുന്നു. എങ്കിലും കൎത്താവിൻെറ മുന്തിരിത്തോട്ടത്തിൽ എത്ര എരിവോടുകൂടി വേല ചെയ്തിരുന്നുവെന്നു്, അക്കാലത്തിൽ വേദത്തെ സ്വീകരിച്ചു് പുണ്യമായി ജീവിച്ചവരുടെ സംഖ്യയിൽ നിന്നും, ശ്ലീഹന്മാർ തുടങ്ങിയ വിശുദ്ധന്മാർ വേദപ്രസംഗത്തിന്നായി പോയിട്ടുള്ള പ്രദേശങ്ങളുടെ വിസ്തീൎണ്ണതയിൽ നിന്നും ഗ്രഹി

കാവുന്നതാണ്. യാത്രാസൌകര്യം ഇപ്പോഴത്തെപ്പോലെയില്ലായിരുന്നു എന്നുള്ള സംഗതിയും വിസ്മരിക്കാവതല്ല. അതിനാൽ ശുഷ്കാന്തിയുള്ള വൈദികരുടെ സംഖ്യ വദ്ധിച്ചാൽ മാത്രമേ മിശിഹാ തുടങ്ങിയ ആത്മരക്ഷ എന്ന മഹനീയകൃത്യം സഫലമായിത്തീരുകയുള്ളൂ. ഒരുത്തൻ നിറവേറേണ്ട കടമകൾ എത്ര കുറഞ്ഞിരിക്കുമോ അത്ര എളുപ്പത്തിൽ അവൻറെ ജോലികളെ നിർവഹിക്കുവാൻ അവനു സാധിക്കുന്നു. ഒരു പട്ടക്കാരൻറെ കടമകൾ അനവധിയാണു. സ്വന്ത ആത്മരക്ഷണം ഒന്നാകുന്നതിനു പുറമെ കീഴുള്ളവരുടെ രക്ഷയെക്കുറിച്ചും അന്വേഷിക്കേണ്ടതുണ്ടു. പട്ടക്കാരൻറെ സ്വന്ത ആത്മശുദ്ധതയ്ക്കുവേണ്ടി അയാൾ എത്ര ശ്രമിക്കുമോ അത്ര ജനങ്ങളുടെ കാര്യത്തിൽ സഫലമായി പ്രവൃത്തിക്കുന്നതിനും അയാൾ ശക്തനായിത്തീരുന്നു. ഒരു പട്ടക്കാരൻറെ വാഗ്മിത്വംകൊണ്ടോ തത്വശാസ്ത്രത്തിലും വേദന്തത്തിലുമുള്ള നിപുണതകൊണ്ടോ മാത്രം ആത്മരക്ഷയുടെ സാരമായ കാര്യം സാധിച്ചുവെന്നു വരുന്നതല്ല. പിന്നെയോ വിശുദ്ധ പൌലോസ്, തോമ്മാ, ശവേരിയാർ മുതലായ ദുപ്രേഷിതന്മാരുടെ ഏവം ശുഷ്കാന്തിയും, ഹൃദയശുദ്ധതയുംകൂടി അവർക്കുണ്ടായിരിക്കണം. ഈ വിധത്തിലുള്ള വൈദികരുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നതിനാണു നാം ദൈവത്തോടു പ്രാർത്ഥിക്കേണ്ടതു്. കൂടാതെയും കത്തോലിക്കാ കുടുംബപാലകന്മാരുടെ സഹകരണവും ഈ കാര്യത്തിൽ അത്യന്താപേക്ഷിതമാകുന്നു. ദൈവശുശ്രൂഷക്കുപകരിക്കത്തക്കവണ്ണം നീതിയിലും സത്യത്തിലും, വിശ്വാസത്തിലും തങ്ങളുടെ മക്കളെ വളർത്തുകയും ഇത്ര മഹത്തായ ദൈവവിളിക്കു അവരെ യോഗ്യരാക്കുകയും ചെയ്യേണ്ടതു മാതാപിതാക്കളുടെ ചുമതലയാണ്. ഈ സാരമായ സംഗതി സാധിക്കുന്നതിനു വേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിപ്പാറാകണം.

## ലോകവർത്തമാനച്ചുരുക്കം

പോർട്ടുഗലിലെ ഭരണപരിവർത്തനത്തിൻറെ ഫലമായി അവിടത്തെ പ്രസിഡണ്ടായ സെൻഹോർ എം. പേസ്, സ്പെയിനിലെ വത്തിക്കാൻ പ്രതിനിധിയായ മോൺസിഞ്ഞോർ റഗനേസി അവർകളെ ലിസബൺ പട്ടണത്തിൽവച്ചു സ്വീകരിക്കയുണ്ടായി. പോർട്ടുഗാലുമായി സൌഹാർദ്ദപൂർവ്വം വർത്തിക്കണമെന്നുള്ള ആഗ്രഹംകൊണ്ടു അവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെ വത്തിക്കാൻ സശ്രദ്ധം വീക്ഷിച്ചുകൊണ്ടാണിരിക്കുന്നതു എന്നുംമറ്റും വിവരിക്കുന്നതും പരിശുദ്ധസിംഹാസനത്തിൽനിന്നു അയച്ചിട്ടുള്ളതുമായ ഒരു സന്ദേശം ഈ അവസരത്തിൽ പ്രസിഡണ്ടിനു മോൺസിഞ്ഞോർ റഗനേസി കൊടുക്കുകയും ഒരു പോർട്ടുഗീസ് പ്രതിനിധിയെ വത്തിക്കാനിൽ ഏറ്റെത്താമസിയാതെ നിയമിക്കുന്നതാണെന്നു പ്രസിഡണ്ടു പ്രസ്താവിക്കുകയും ചെയ്തു.

ചോട്ടാ, നാഗപ്പൂർ കൽക്കത്താ അതിരൂപതയിൽ ചേർന്ന ഒരു സ്ഥലമാണു. ബൽജിയൻകാരായ ഈശോസഭക്കാരാണ് ഇവിടെ ഭരണം നടത്തുന്നതു്. മുപ്പത്തഞ്ചു വർഷങ്ങൾക്കുമുമ്പ് ഈ നാട്ടിൽ രണ്ടോരണ്ടു കത്തോലിക്കർ മാത്രമേ ഉണ്ടായിരുന്നുള്ളു. അതു ഒരു വൈദികനും അദ്ദേഹത്തിൻറെ ശിഷ്യനുമായിരുന്നു. ഇപ്പോഴാകട്ടെ ഏറക്കുറെ രണ്ടുലക്ഷമാണ് അവിടുത്തെ കത്തോലിക്കരുടെ സംഖ്യ. ഏതദ്ദേശീയരും വിദേശിയരുമായി നൂറു പുരോഹിതന്മാരുണ്ടു്. വിദ്യാലയങ്ങൾ അനേകമാകുന്നു. ഏതാനും ഇൻഡ്യൻ കന്യകാമഠങ്ങളും ഒരു സെമ്മിനാരിയുംകൂടെ അവിടെയുണ്ടു്.

മൂന്നു ജർമ്മൻകാരെ, ഏതോ കുറ്റത്തിനു ഫ്രഞ്ചു ഗവൎമ്മേണ്ടു മരണശിക്ഷക്കു വിധിക്കുകയുണ്ടായി. അവരെ മരണശിക്ഷയിൽനിന്നും മോചിക്കണമെന്നു കാണിച്ചു ജർമ്മനി വത്തിക്കാനിലേക്കു ഒരു സന്ദേശമയയ്ക്കുകയും, മാർപ്പാപ്പാ തിരുമനസ്സിലെ സെക്രട്ടറി കർദ്ദിനാൾ ഗസ്പാറി അവർകൾ ഈ വിവരം പാരീസിലെ മെത്രാപ്പോലീത്തായെ തെര്യപ്പെടുത്തുകയും ചെയ്തു. അദ്ദേഹം, പരിശുദ്ധ പിതാവിൻറെ ഈ ആഗ്രഹത്തെ ഫ്രഞ്ചു ഗവൎമ്മേണ്ടിനെ ധരിപ്പിച്ചതിൻറെ ഫലമായി പ്രസ്തുത ജർമ്മൻകാരെ മരണശിക്ഷയിൽനിന്നും വിടുത്തിയിരിക്കുന്നു.

ഗവൎമ്മെണ്ടിൻെറ അനുമതിയോടുകൂടി പൊതുവായ പ്രാൎത്ഥന നടത്തേണ്ടതാണെന്നു കാണിച്ചു കർദ്ദിനാൾ ലൂക്കൻ പ്രഞ്ചുഗവൎമ്മെണ്ടിലേക്കു ഒരു സന്ദേശം അയക്കുകയുണ്ടായി. ഇതിനു പ്രഞ്ചുനിയമം പ്രതിബന്ധമായിരിക്കുന്നു എന്നാണു പ്രധാന മന്ത്രി ക്ലെമെൻകോ കൊടുത്ത മറുപടി.

ഉറുമിയായിലെ ക്രിസ്ത്യാനികളെ കർഡസ് ജാതിക്കാർ കൂട്ടക്കൊല ചെയ്തിരിക്കുന്നതായും പ്രഞ്ചുലാസറിസ്റ്റ് സഭക്കാരനായ ഒരു വികാരിഅപ്പൊസ്തോലിക്കായും മൂന്നു പട്ടക്കാരും ഹതന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും കാണുന്നു.

ഇക്കഴിഞ്ഞ ൭ കൊല്ലങ്ങളായി മദ്രാസ് ടൈംസിൻെറ പത്രാധിപർ മിസ്റ്റർ ഗ്ലിൻബാർലോ ആയിരുന്നല്ലോ. അദ്ദേഹത്തിൻെറ അസാധാരണ ബുദ്ധിശക്തിയും എഴുതിഫലിപ്പിക്കുന്നതിനുള്ള സാമൎത്ഥ്യവും നിമിത്തം ഈ പത്രത്തിനു പ്രശസ്തിയും പ്രചാരവും പൂൎവ്വാധികമുണ്ടായെന്നു മാത്രമല്ല മദ്രാസിലുള്ള പ്രസിദ്ധപ്പെട്ട പ്രതിദിനപ്പത്രങ്ങളോടു കിടപിടിക്കത്തക്ക നിലയിൽ ഇതു എത്തുകയും ചെയ്തു. എറണാകുളം ഗവൎമ്മെൻറു കോളെജിലെ പ്രിൻസിപ്പാൾ സ്ഥാനം ഉപേക്ഷിച്ചിട്ടാണു ഈ ജോലിയിൽ പ്രവേശിച്ചതു്. പത്രാധിപത്യവും ഇപ്പോൾ പരിത്യജിച്ചിരിക്കുന്നു. ഒരു പ്രൊട്ടസ്റ്റാണ്ടു മതാവലംബിയായിരുന്ന ഇദ്ദേഹം കത്തോലിക്കാ സഭയിൽ ചേൎന്നിട്ടു ഏറിയ നാളായി. ഗ്രീക്ക്, ലാററിൻ എന്നീ ഭാഷകളിൽ ഓണേഴ്സു ഡിഗ്രി എടുത്തിട്ടുള്ളതുകൊണ്ടും, ഇംഗ്ലണ്ടിൽവെച്ചു വേദാന്തം പഠിച്ചിട്ടുള്ളതുകൊണ്ടും, പുരോഹിതനാകുവാൻ നെല്ലൂർ താമസിച്ചു വൈദിക പഠനം പൂൎത്തിയാക്കുന്ന ഇദ്ദേഹത്തിനു വളരെ എളുപ്പമുണ്ടെന്നു പറയേണ്ടതില്ലല്ലോ.

## മരണങ്ങൾ.

ചേപ്പുങ്കൽപള്ളി ഇടവക പുല്ലാനപ്പള്ളിൽ ബ. ലൂക്കാച്ചനവർകൾ ഇക്കഴിഞ്ഞ സെപ്റ്റംബർ ൨൭-ാം നു- അന്ത്യകൂദാശകളെല്ലാം യഥാവിധി കൈക്കൊണ്ടു് ൬൫-ാമത്തെവയസ്സിൽ പരലോകപ്രാപ്തനായിരിക്കുന്നു.

പുത്തൻപള്ളി സെമ്മിനാരി വിദ്യാൎത്ഥിയും എടപ്പള്ളി ഇടവകക്കാരനുമായ അമ്പാട്ടു റവറണ്ടു് ജോർജ്ജ് അവർകൾ കഴിഞ്ഞമാസം ൧൪-ാം നു- ൧ഏഴ് രോഗത്താൽ മരണം പ്രാപിച്ചിരിക്കുന്നു. സ്വൎഗ്ഗീയിനൽവിജയില്ലും സമൎത്ഥനും സൽസ്വഭാവിയുമായ ഇദ്ദേഹത്തിൻെറ ചരമം അയാളുടെ കുടുംബത്തിനെന്നപോലെ സെമ്മനാരിക്കും ഒരു വലിയ നഷ്ടമാണു്.

പാലാ വലിയപള്ളി എടവക വെള്ളാപ്പാട്ടു ബ. മത്തായി ശെമ്മാശവർകളുടെ പിതാവ് വെള്ളാപ്പാട്ടു മാണി അവർകൾ തൻെറ ൭൫-ാമത്തെ വയസ്സിൽ ന്യുമോണിയാ എന്ന രോഗത്താൽ കഴിഞ്ഞ മാസം ൧൬-ാം തീയതി അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു കൎത്താവിൽ നിദ്രപ്രാപിച്ചു.

ആണ്ടുമാലിൽ ബ. പീലിപ്പോസച്ചൻ, ക. നി. മൂ. സ. ബ. എമ്മാനുവേലച്ചൻ എന്നിവരുടെ ജ്യേഷ്ഠസഹോദരൻ, കുതവറ തട്ടാഴത്തു ഇസഹാക്കു അവർകളും, അദ്ദേഹത്തിൻെറ സീമന്തപുത്രന്മാരായ മത്തായി, ചാക്കോ എന്നിവരും ഇക്കഴിഞ്ഞ ചിങ്ങമാസാവസാനത്തിൽ രക്താതിസാരംമൂലം പരലോകപ്രാപ്തരായിരിക്കുന്നു.

കഴക്കൂട്ടം പ്രവൃത്തിയിൽ കുളത്തൂർ കരയിൽ വാറുവിളാകത്തു വീട്ടിൽ മിസ്സ് എലിസബത്തു വായിസ്സ് അവർകളുടെ സഹോദരി മിസസ്സ് ക്രിസ്തേരിയ ഡിസോസാ അവർകൾ പനിമൂലം ഇക്കഴിഞ്ഞ ൧ആഗസ്റ്റു ൧൯-ാം തീയതി മരണം പ്രാപിക്കുകയുണ്ടായി.

ഈ ആത്മാക്കളുടെ നിത്യസമാധാനത്തിനായി വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം.

സന്മാൎഗ്ഗശാസ്ത്രത്തിൽ സുപ്രസിദ്ധനും ഏതൽസംബന്ധമായ അനേകം പുസ്തകങ്ങളുടെ നിൎമ്മാതാവുമായ റവ: ഫാദർ അഗുസ്തീനോസ് ലെംക്രൂൽ എസ്. ജെ. ഹോളണ്ടിൽ വാൽക്കൻബർഗ്ഗ് പട്ടണത്തിൽ വച്ചു ഇക്കഴിഞ്ഞ ജൂൺ ൨൫-ാം നു- ൮൬-ാമത്തെ വയസ്സിൽ ഐഹികവാസം വെടിഞ്ഞതായി കാണുന്നു. മരണത്തിനു ഏതാനും മാസങ്ങൾമുമ്പുവരെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടും, ലോകത്തിൻെറ നാനാഭാഗത്തു നിന്നു കിട്ടിക്കൊണ്ടിരുന്ന സന്മാൎഗ്ഗശാസ്ത്രസംബന്ധമായ ചോദ്യങ്ങൾക്കു മറുപടി കൊടുത്തുകൊണ്ടുമാണിരുന്നിട്ടുള്ളതു്. സാന്മാൎഗ്ഗിക ലോകത്തിൽ ഒരു ദീപസ്തംഭമായി പരിലസിച്ചിരുന്ന ഇദ്ദേഹത്തിൻെറ ആത്മാവിനു നിത്യ സമാധാനം ലഭിക്കുവാൻ വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം.

# മാസികാ വരിപ്പണം അടച്ചവരുടെ പേരുവിവരം.

---

## ഒരു രൂപാവീതം.

മ. രാ. രാ. അവർകൾ.

ബ. പുലിക്കോട്ടിൽ കുര്യാക്കോസച്ചൻ, ബ. തറപ്പേൽ മാണിയച്ചൻ, പനഞ്ചിറയായ തട്ടാകുന്നേൽ ഔസേപ്പു തോമ്മാ, ഉള്ളാട്ടു മത്തായി മത്തായി, വയലിൽകരോട്ടു ഉലഹന്നാൻ ഉലഹന്നാൻ, പുത്തമ്പുരക്കൽ ഇട്ടി അവുരാ ഉലഹന്നാൻ, വെളിയിൽ സറോക്ക ദേവസ്സി, തൊമ്മൻ തൊമ്മൻ വേലൻകുന്നേൽവീട്ട്, മത്തായി സ്കറിയാ കട്ടാക്കോട്ടിൽ, പി. ജെ. മാത്തൻ പാട്ടത്തിൽ വീട്ട്, വല്യവീട്ടിൽ വർക്കി ചാക്കൊ കൈനകരി, വല്യപറമ്പിൽ ഔസേപ്പു, വി. ജെ. പാൽ ൨-ാം അസിസ്റ്റൻറ് എയിഡഡ് സ്കൂൾ നീലീശ്വരം, തോട്ടുപുറത്തു പൈലി ഔസേപ്പു, വെട്ടുവേലിൽ ചാക്കൊ, പെരിങ്ങാല കിത്തൊ ഔസേപ്പു, പുന്നപ്പാടത്തു ഐപ്പു മാത്തൻ, മിസ്സ് എലിസ്സാ വായിസ്സ്, പാറത്തോട്ടിയിൽ യൊസേപ്പ്, ബ. കൊച്ചുപാലത്തുങ്കൽ യൌസേപ്പച്ചൻ.

## പലവക.

വൈക്കം കന്യകാമഠത്തിൻെറ ബ. ശ്രേഷ്ഠത്തിയമ്മ ൩ രൂ., The Devan of Travancor ൨ രൂ., Rev. Fr. Blasius C. D. ൧ രൂ. ൧൩ ച. ൧൦ കാ., A. J. Joseph Thamaraparambu Pattam ൨ രൂ., V. M. D. Silva Contractor P. W. D. Trivandrum ൩ രൂ. ൯ ച. ൮ കാ., ബ. ആണ്ടുമാലിൽ പീലിപ്പോസച്ചൻ ൨ രൂ., Rev. Fr. M. Menezes Moolky S. Canara ൩ രൂ., പി. മത്തായി ഡിക്രൂസ് വലിയവിളവീട്ട് കാഞ്ഞിരകോട്ട് ൨ രൂ., Devesia Kuruvilla St. Mary's H. School Madura ൧൪ ച. ൪ കാ., കല്ലുകളത്തിൽ ചാക്കൊ ചെറിയാൻ, വാഴപ്പള്ളി ൧ രൂ. ൧൨ ച., ഏ. ജോർജ്ജ് പ്രണാണ്ടസ് പുളിവിളവീട്ട് ൨ രൂ. ബ്രദർ യാക്കോബ് അരമന ചങ്ങനാശേരി ൧ രൂ. ൧൪ ച. ൪ കാ., ഔസേപ്പു വക്കാ ഡാറാ ആഫീസ് ആലപ്പുഴ ൨൭ ച. ൮ കാ.

(തുടരും.)

# പഞ്ചാംഗം.

## ൧൯൰൮ നവംബർ.

| സം. | തീയതി. | മാസം. | തിയതി. | ആഴ്ച | വിശേഷ ദിവസങ്ങൾ. | |
|---|---|---|---|---|---|---|
| | 1 | | ൧൬ | വെ | ✠ സകല ശുദ്ധ. ന. ക. പെ. | വെ. |
| | 2 | | ൧൭ | ശ | സകല മരിച്ച. ന. ആ. ക. മരി. | ക. |
| | 3 | | ൧൮ | ഞാ | ✠ പന്ത. ൨൪ാം ന. ആ. ദെന. ൪ാം . ൭൨ . ൯ . 2 | വെ. |
| | 4 | | ൧൯ | തി | വേ. വിത്താലി ക്രൂ. ന. ആ. ക. പെ. | ച. |
| | 5 | | ൨൰ | ചൊ | † സ്കറിയാ. ന. ആ. ക. പെ. | വെ. |
| | 6 | | ൨൧ | ബു | † അ. മെത്രാ. കാർലോസ് ന. ആ. ക. പെ. (ഈ ൪) | വെ. |
| | 7 | | ൨൨ | വ്യാ | † അ. മെത്രാ. തോമ്മാ. വില്ല. ന. ആ. ക. പെ. (കന്നി ൨൨) | വെ. |
| | 8 | കന്നി. | ൨൩ | വെ | സകല ശുദ്ധ എട്ടാ. ന. ആ. ക. പെ. | വെ. |
| | 9 | | ൨൪ | ശ | ദിവ്യരക്ഷ. പള്ളി കൂദാ. ന. ആ. ക. പെ. | വെ. |
| | 10 | | ൨൫ | ഞാ | ✠ പന്ത. ൨൫ാം ന. ആ. ക. ദന. ൫ാം ഞ. . ൨൰ : ൧൨ . ൫ . ൫ | പ. |
| | 11 | | ൨൬ | തി | അ. മെത്രാ. മത്തീ. ന. ആ. ക. പെ. | വെ. |
| ഒക്ടോബർ. | 12 | | ൨൭ | ചൊ | പാ. വേ. മത്തീ. ന. ആ. ക. പെ. | ച. |
| | 13 | | ൨൮ | ബു | † മെത്രാ. സ്റ്റനിസ്ലാ. കോസ്തു. ന. ആ. ക. പെ. | വെ. |
| | 14 | | ൨൯ | വ്യാ | † മെത്രാ. അന്ത്രെ. അവ്ലി. ന. ആ. ക. പെ. (ഈ. ൧൰) | വെ. |
| | 15 | | ൩൰ | വെ | † ക. ജെർത്രൂദാ. ന. ആ. ക. പെ. | വെ. |
| | 16 | | ൧ | ശ | † മെത്രാ. പാ. ഗ്രിഗോരി ഏഴ. ന. ആ. ക. (ഇട ൨൫) | വെ. |
| | 17 | | ൨ | ഞാ | ✠ പന്ത. ൨൬ാം ന. ആ. ക. ദന. ൬ാം ഞ. . ൭൨ . ൨ . ൫ | പ. |
| | 18 | | ൩ | തി | പത്രോ. പൌ. പള്ളി കൂദാ. ന. ആ. ക. പെ. | വെ. |
| | 19 | | ൪ | ചൊ | വേ. പാ. പൊന്തിയാനൊ. ന. ആ. ക. പെ. | ച. |
| | 20 | | ൫ | ബു | † മെത്രാ. ഫെലിക്സ്. ന. ആ. ക. പെ. | വെ. |
| | 21 | | ൬ | വ്യാ | ക. മ. ദേവാ. പ്രവേശ. ന. ആ. ക. പെ. | വെ. |
| | 22 | തുലാം. | ൭ | വെ | ക. വേ. ചിച്ചീലിയാ ന. ആ. ക. പെ. | ച. |
| | 23 | | ൮ | ശ | പാ. വേ. ക്ലെമീസ. ന. ആ. ക. പെ. | ച. |
| | 24 | | ൯ | ഞാ | ✠ പന്തക്കു. ൨൭ാം ന. ആ. ക. പന്ത. ൨൪ ഞ. . ൭൨ . ൯ . 2 | പ. |
| | 25 | | ൧൰ | തി | ക. വേ. കത്രീനാ. ന. ആ. ക. പെ. | ച. |
| | 26 | | ൧൧ | ചൊ | അ. വേ. പത്രോസ് ആല. ന. ആ. ക. പെ. | ച. |
| | 27 | | ൧൨ | ബു | † മെത്രാ. ലെയൊനാർദ് ന. ആ. ക. പെ. (ഇന്നലെ) | വെ. |
| | 28 | | ൧൩ | വ്യാ | † മെത്രാ. കരി. യോഹ. ന. ആ. ക. പെ. (ഈ ൨൪) | വെ. |
| | 29 | | ൧൪ | വെ | അന്ത്രെ. ശ്ലീ. തലേ. നാ. ന. ആ. ക. ത. | റോ. |
| | 30 | | ൧൫ | ശ | (✠) അന്ത്രയോസ് ശ്ലീ. ന. ക. പെ. | ച. |

✠ ഈ അടയാളം എല്ലാവർക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം
(ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേർക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor, by A. P. Mani at
St. Joseph's Press, Mannanam. 1918.